AHMADIYYA NEWS BULLETTIN

ജൂലായ് 2006

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA
PRIVATE CIRCULATION

# അൽഫദ്ല്

# അക്രമംകൊണ്ട് ഇസ്റായിൽ അന്തരീക്ഷം അന്ധകാരമാക്കുന്നു

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്

പരലോകത്തിലുള്ള ഭയം മനുഷ്യനെ ഭയമുള്ളവനും ഭീതിതനുമാക്കി ഈശ്വരജ്ഞാനത്തിന്റെ യഥാർത്ഥമായ ഉത്ഭവസ്ഥാനത്തേക്ക് പതുക്കെപ്പതുക്കെ കൊണ്ടുവരുന്നു. പരമാർത്ഥമായ ഈശ്വരജ്ഞാനം യഥാർത്ഥ ദൈവഭയവും ഭീതിയും കൂടാതെ ലഭിക്കുകയില്ല. അതുകൊണ്ട്, ഓർമ്മിച്ചുകൊള്ളുക, പരലോകത്തെ സംബന്ധിച്ച് ദുർബോധനങ്ങൾ ഉണ്ടാക്കുകയെന്നത്, ഈമാൻ അഥവാ വിശ്വാസത്തെ അപകടത്തിൽ അകപ്പെടുത്തുന്ന ഒന്നാണ്. അത് ശുഭപര്യവസാനത്തിൽ വിള്ളലുകൾ ഉണ്ടാക്കുന്നതാണ്. നമ്മുടെ മനസ്സ് പരലോകത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട്, ഏകനായ ദൈവത്തിലേക്ക് കുനിയാത്തിടത്തോളംകാലം ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ദുർബോധനങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. ഈ ദുർബോധനങ്ങൾ കൊണ്ട് ദൃഢവിശ്വാസത്തിന് മങ്ങലേല്ക്കുമ്പോൾ ദൈവഭയത്തോടെ നടത്തുന്ന കർമ്മങ്ങളിലും തടസ്സം നേരിടുന്നതാണ്. ഇതിൽ അല്ലാഹുവിനോടുള്ള കടമയുണ്ട്. സമസൃഷ്ടികളോടുള്ള കടമയുമുണ്ട്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ പരലോകത്തിലുള്ള വിശ്വാസത്തിൽ പോരായ്മയുണ്ടെങ്കിൽ, അല്ലാഹുവിന്റെ കല്പനകൾ മനസ്സിലക്കുന്നതിന് അത്യാവശ്യമായ യഥാർത്ഥ ഈശ്വരജ്ഞാനം ഉണ്ടാകുകയില്ല. ഇക്കാലഘട്ടത്തിൽ ഈ പ്രധാനപ്പെട്ട കാര്യം നമ്മളിൽ പ്രകാശിതവും സുവ്യക്തമാക്കുകയും ചെയ്ത, ആവിശ്വാസം ലഭിച്ച നമ്മൾ ഭാഗ്യവാന്മാരാണ്. ആഖിറത്ത് എന്ന വാക്കിൽ നിന്നും പ്രകടമാകുന്നതും വിശുദ്ധഖുർആന്റെ ചില പ്രവചനങ്ങളിൽ നിന്നും മനസ്സിലാകുന്നതുമായ കാര്യം ആഖിറത്തിൽ, മരിച്ചതിനുശേഷം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുന്ന നേരത്ത് അല്ലെങ്കിൽ ഖിയാമത്തുനാൾ എല്ലാ കണക്കെടുപ്പുകളും നടക്കുന്നതാണെന്നാകുന്നു. സൽകർമ്മങ്ങൾക്ക് നല്ല പ്രതിഫലവും അല്ലാഹുവിന്റെ തൃപ്തിയും കിട്ടും. ദുഷ്കർമ്മങ്ങൾക്ക് അല്ലാഹു നമ്മോടു പറഞ്ഞതുപോലെ ശിക്ഷയും ലഭിക്കും. ഒരുതരത്തിലുള്ള അനീതിയും ഉണ്ടാകുകയില്ല. എല്ലാ കർമ്മങ്ങളും തുറന്നനിലയിൽ മുന്നിൽ കാണാൻ കഴിയും. അല്ലാഹു പറയുന്നു: ***വ വജദൂ മാ അമിലൂ ഹാളിറാ*** അവർ പ്രവർത്തിച്ചത് സർവ്വവും മുമ്പിൽ ഹാജരാക്കപ്പെട്ടതായി അവർ കണ്ടെത്തും. (*18:50*)



തന്റെ കർമ്മങ്ങളൊന്നും കണക്കെടുക്കാതെ വിട്ടുകളയുകയില്ലെന്നും താൻ ചെയ്യുന്ന എല്ലാ കർമ്മങ്ങളും ഒരുനാൾ ഹാജരാക്കപ്പെടുമെന്നുമുള്ള ബോധം മനുഷ്യനിലുണ്ടാകുമ്പോൾ, അതാണ് പരലോകത്തെക്കുറിച്ചുള്ള ബോധം അവനിലുണ്ടാക്കിത്തീർക്കുന്നത്. പിന്നീട് മനുഷ്യൻ രണ്ടുതരത്തിലുള്ള കടമകളും നിറവേറ്റാനും തഖ്വയുടെ മാർഗ്ഗത്തിൽ നടക്കാനും പരിശ്രമിക്കുന്നു. ഈ തഖ്വയുടെ മാർഗ്ഗങ്ങൾ തന്നെയാണ് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകളുടെ വഴികൾ നിർണ്ണയിക്കുന്നത്. നമ്മളിലോരോരുത്തരും പരലോകത്തെക്കുറിച്ച് ചിന്തിക്കുകയും ഹസ്റത്ത് മസീഹ് മൗഊദ്(അ) ഏതൊന്നിലേക്ക് നമ്മെ വിളിച്ചുവോ, അത് നടപ്പിൽവരുത്തുകയും ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കുകയും ചെയ്യുക. ഈ ലോകത്തും പരലോകത്തും അല്ലാഹുവിന്റെ പാപപ്പൊറുതിയുടേയും തൃപ്തിയുടേയും പുതപ്പ് പുതച്ചിരിക്കാൻ നമുക്ക് കഴിയണം. ആഖിറത്തിലേക്ക് ശ്രദ്ധതിരിക്കണമെന്ന് അവിടന്ന്

(ശേഷം 3-ാം പേജിൽ)

## അഹ്മദിയ്യാവിരുദ്ധ കലാപം തുടരുന്നു

**ധാക്ക:** ബംഗ്ലാദേശിലെ അഹ്മദിയ്യാ-വിരുദ്ധ കലാപം തുടരുന്നു. ധാക്കയ്ക്കടുത്ത് ഷരിഷ്ബാരിയിൽ അഞ്ചുദിവസം നീണ്ടുനിന്ന അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം പ്രാദേശിക ഭരണകൂടത്തിന്റെ ഇടപെടൽമൂലം താല്ക്കാലികമായി നിറുത്തിവെച്ചിട്ടുണ്ട്. ഷരിഷ്ബാരി ഉപജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ വിളിച്ചുചേർത്ത സമാധാന സമ്മേളനമാണ് കാര്യങ്ങൾ ശാന്തമാക്കിയത്. കഴിഞ്ഞ അഞ്ചുദിവസങ്ങളിലായി സ്വന്തം വീടുകളിൽനിന്ന് പുറത്തിറങ്ങാൻ കഴിയാത്ത പരിസ്ഥിതിയായിരുന്നു അഹ്മദികൾക്ക്. 'ഇത്തിഫാഖുൽ ഉലമ' എന്ന സംഘടന നടത്തിയ അഹ്മദിയ്യാ വിരുദ്ധ റാലിയാണ് കാര്യങ്ങളെ വഷളാക്കിയത്.

ഈ റാലിയെ തുടർന്ന് ഇവിടത്തെ പല അഹ്മദി ഭവനങ്ങളും ആക്രമിക്കപ്പെട്ടു. മേസ്ത ഹൈസ്കൂളിലെ അസി. ഹെഡ്മാസ്റ്ററായ ശംസുദ്ദീൻ മാസ്റ്റർ എന്ന അഹ്മദിയുടെ വീടാക്രമിച്ച അക്രമികൾ അദ്ദേഹത്തിന്റെ കന്നുകാലികളെ കൊള്ളയടിച്ചു. ഇതേതെരുവിലെതന്നെ എട്ടോളം അഹ്മദി ഭവനങ്ങൾ കൈയേറാൻ അക്രമികൾ ശ്രമം നടത്തി. നേതാക്കളുടെ ഭീഷണി ഭയന്ന് തദ്ദേശീയരായ അനഹ്മദികൾ അഹ്മദികളുമായുള്ള എല്ലാ ഇടപാടുകളും അവസാനിപ്പിച്ചു. സാമൂഹികമായ ബഹിഷ്കരണം കാരണം അഹ്മദികൾ ദുസ്സഹമായ പരിസ്ഥിതിയിലകപ്പെട്ടു. കുട്ടികൾ ഭയപ്പാട് കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയില്ല. മുതിർന്നവർക്ക് ജോലിക്ക് പോകാനും സാധിച്ചില്ല.

ഇതേതുടർന്ന് അഹ്മദികളും, മനുഷ്യാവകാശ സംഘടനകളും ആവശ്യപ്പെട്ടതനുസരിച്ച് പ്രാദേശിക ഭരണകൂടം അഹ്മദി-അനഹ്മദി പ്രതിനിധികളുടെ ഒരൊത്തുതീർപ്പ് യോഗം വിളിച്ചു. ഈ യോഗത്തിൽ ഷരിഫ്ബാരിയിലെ മുനിസിപ്പൽ ചെയർമാൻ ഫൈസുൽ കബീർതാലുക്ദാർ അക്രമികളെ കർശനമായി താക്കീത് ചെയ്തു. ഇനിയും അക്രമം തുടർന്നാൽ കടുത്ത നടപടികൾ എടുക്കേണ്ടി വരുമെന്ന് അദ്ദേഹം അഹ്മദീ വിരുദ്ധരെ അറിയിച്ചു. ഇതേതുടർന്ന് ഇനി തങ്ങളുടെയാളുകൾ അഹ്മദികളെ ആക്രമിക്കില്ലായെന്നവർ ഉറപ്പു നല്കി.

## ചൊവ്വയിൽ ജീവനുണ്ട്?...

ചൊവ്വയിൽ ജീവകണമുണ്ടോ എന്ന ചർച്ച വീണ്ടും സജീവമാകുന്നു. അമേരിക്കൻ സ്പേസ് ഏജൻസിയായ നാസ പുതിയ വാദങ്ങളുമായി രംഗത്തെത്തിയതോടെ ബഹിരാകാശ ഗവേഷകർക്കിടയിൽ ആശയക്കുഴപ്പം മൂർച്ഛിച്ചു. ചൊവ്വയിൽ ജീവാംശമില്ല എന്ന് ഏറെക്കുറെ ഇതര ശാസ്ത്രലോകം തറപ്പിച്ചു പറയാറുണ്ടെങ്കിലും ഇക്കാര്യത്തിൽ നാസയ്ക്ക് ഭിന്നാഭിപ്രായമാണ്. പുത്തൻ വിവാദത്തിന് നിദാനമായ എ..എൽ. എച്ച്. 84001 എന്ന ഉല്ക്കയാണ് നാസയുടെ ഇപ്പോഴത്തെ മുഖ്യആയുധം. ഈയ്യിടെ വാഷിംഗ്ടണിൽ നടത്തിയ ഒരു പത്രസമ്മേളനത്തിൽ വെച്ച് ഈ ഉല്ക പ്രദർശിപ്പിച്ചുകൊണ്ട് നാസയുടെ ശാസ്ത്രജ്ഞന്മാർ തങ്ങളുടെ വാദത്തെ ന്യായീകരിച്ചു.

1984-ൽ അന്റാർട്ടിക്കയിലെ അലൻ ഹിൽസിലാണ് ഈ ഉല്ക കണ്ടെത്തിയത്. 1.8 കിഗ്രാം ഭാരമുള്ള ഇത് ചൊവ്വയിൽ നിന്ന് പതിച്ചതാണെന്ന് കരുതപ്പെടുന്നു. ഏറെക്കുറെ 4.5 ബില്യൺ വർഷങ്ങളുടെ പ്രായം ഇതിനുണ്ട്. ഈ കാലഘട്ടത്തിൽ ചൊവ്വയിൽ ദ്രവരൂപതതിൽതന്നെ ജലം ലഭ്യമായിരുന്നുവത്രെ. ഇത് നാസയുടെ വാദത്തെ ബലപ്പെടുത്തുന്നു. എ.എൽ.എച്ച് 84001-ൽ നടത്തിയ പരീക്ഷണങ്ങൾ അത്ഭുതാവഹമായ ചില കാര്യങ്ങളാണ് വെളിച്ചത്തുകൊണ്ടുവന്നത്. ഈ പാറക്കഷണത്തിൽ വോളിസൈക്ക്ളിക് അറോമാറ്റിക് ഹൈഡ്രോകാർബൺ (പി.എ.എച്ച്) എന്ന തന്മാത്രകൾ കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, ഇത്തരം തന്മാത്രകൾ എല്ലാത്തരം ഉല്കകളിലും പൊതുവെ കാണാറില്ല എന്ന് എതിർവാദമുഖങ്ങളുമുണ്ട്.



ALH 84001 ***ലെ തന്മാത്രാ കണങ്ങളുടെ മൈക്രോസ്കോപ്പ് ദൃശ്യം***

രണ്ടാമതായി ഈ ഉല്കയിൽ പറ്റിച്ചേർന്നിട്ടുള്ള നീണ്ടുരുണ്ട കുത്തുകൾ പുരാതനകാലത്ത് ചൊവ്വയിലുണ്ടായിരുന്ന ബാക്ടീരിയകളുടെ ഫോസിലുകളാണെന്ന് നാസ വാദിക്കുന്നു. എന്നാലിതും ശക്തമായ വാദങ്ങളല്ല എന്നാണ് നാസ ഇതരശാസ്ത്രജ്ഞർ പറയുന്നത്. ചൊവ്വയിലെ ബാക്ടീരിയകൾ ഭൂമിയിലേതിനേക്കാളും സമാന്യേന ചെറുതായി മാത്രമേ കാണൂ എന്നതിനാലാണ് മിക്ക ശാസ്ത്രജ്ഞന്മാരും ഈ വാദം നിരസിക്കുന്നത്. എന്നാൽ, ഈ ഉല്കയിൽ കാണപ്പെട്ട കാർബൺ പ്രബലമായ ഒരു സംഗതിയാണ്. ഭൂമിയിൽ കാർബൺ ഉണ്ടാകുന്നത് മരിച്ച ജീവികളുടെ ഫോസിലിൽനിന്നാണ്. അതിനാൽ ഈ കാർബൺ അവശിഷ്ടം ചൊവ്വയിൽ മൺമറഞ്ഞ ഏതെങ്കിലും അണുവിന്റേതാകുമെന്നാണ് നാസ പറയുന്നത്.

അതുപോലെതന്നെ ഈ ഉല്കയുടെ മീതെ കാണപ്പെട്ട മാഗ്നൈറ്റും സംശയിക്കേണ്ട കാര്യമത്രെ. ഭൂമിയിലെ ചില പുരാതന ബാക്ടീരിയകൾ മാഗ്നൈറ്റ് ഉല്പാദിച്ചിരുന്നു. അത് ചൊവ്വയിലുള്ള ബാക്ടീരിയകളും അനുവർത്തിച്ചിരിക്കാമെന്ന് കരുതാം. ചൊവ്വയിലേതിന് സമമായ കൃത്രിമ സാഹചര്യങ്ങൾ പുനഃക്രമീകരിച്ചപ്പോൾ ഇത്തരം മാഗ്നൈറ്റുകളെ കൃത്രിമമായി സൃഷ്ടിച്ചെടുക്കാൻ നാസ ഗവേഷകർക്ക് സാധിച്ചു. ചുരുക്കിപ്പറഞ്ഞാൽ ഈ നൂറ്റാണ്ടിലെ വലിയ വിവാദത്തിന് അരങ്ങൊരുങ്ങുകയാണ്. ചൊവ്വയിൽ ജീവനുണ്ടോ എന്ന നിർണ്ണായകമായ ചോദ്യത്തിന്റെ ഉത്തരം സാകൂതം ശ്രദ്ധിക്കപ്പെടുന്നു.

## ഐക്യരാഷ്ട്രസഭ അമേരിക്കയുമായി ഇടയുന്നു!!

**വാഷിങ്ങ്ടൺ:** അകാരണമായി ഇസ്റായിൽ ലബനണിൽ നടത്തിവരുന്ന ആക്രമണങ്ങളുടെ പേരിൽ ഐക്യരാഷ്ട്ര സഭ അമേരിക്കയുമായി ഇടയുന്നു. ലബനണിലെ സൈനീകനീക്കം അവസാനിപ്പിക്കുന്നതിനുള്ള എല്ലാ നീക്കങ്ങൾക്കും അമേരിക്ക വിലങ്ങുതടിയാവുകയാണെന്ന് യു.എൻ. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ മാർക്ക് മല്ലോക്ക് ബ്രൗൺ തുറന്നടിച്ചതോടെയാണ് അസ്വാരസ്യങ്ങൾ മറനീക്കി പുറത്തുവന്നിട്ടുള്ളത്. അസ്ഥാനത്തുള്ള വിമർശനമാണിതെന്ന് പറഞ്ഞ് അമേരിക്കൻ വക്താവ് ബ്രൗണിനെതിരെ നിശിതവിമർശനവുമായി രംഗത്തെത്തി.



യു.കെ. ജൽസയോടനുബന്ധിച്ച് സംഘടിപ്പിച്ച ഫോട്ടോ എക്സിബിഷൻ ഹുസൂർ വീക്ഷിക്കുന്നു.

# വിശുദ്ധഖുർആൻ വാരാചരണയോഗങ്ങൾ

**മഞ്ചേരി:** മഞ്ചേരി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 10 മുതൽ 16 വരെ ഖുർആൻ വാരം ആചരിച്ചു. വിശുദ്ധഖുർആന്റെ മഹാത്മ്യത്തേയും അതിലടങ്ങിയ വിവിധ ജ്ഞാനത്തേയും സംബന്ധിച്ച് മൗലവിമാരായ സഫർ അഹ്മദ് സാഹിബ്, എൻ.പി. മുഹമ്മദ് സാഹിബ്, കെ.സിദ്ദീഖ് സാഹിബ്, ടി.കെ. മഹ്മൂദ് സാഹിബ്, സി.പി.മൊയ്തീൻകുട്ടി സാഹിബ്, ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, എച്ച്.ശംസുദ്ദീൻ സാഹിബ് എന്നിവർ പ്രസംഗിച്ചു. വിവിധ ദിവസങ്ങളിൽ പി.പി. ഹസൻ കോയ സാഹിബ്, ടി.എം.എസ്. മുല്ലക്കോയ തങ്ങൾ, കെ.മുബാറക്ക് അഹ്മദ് സാഹിബ്, സി.പി. അബ്ദുൽ അസീസ് സാഹിബ്, സി.എച്ച്.അബ്ദുൽ ഗഫൂർ സാഹിബ്, ടി.കെ. അമീറലി സാഹിബ്, മൗലവി പി.അബ്ദുൽനാസിർ സാഹിബ് എന്നിവർ അധ്യക്ഷത വഹിച്ചു.

**കണ്ണൂർ സിറ്റി:** കണ്ണൂർ സിറ്റി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 10 മുതൽ 16 വരെ ഖുർആൻ വാരം സംഘടിപ്പിച്ചു. നാല് ദിവസങ്ങളിൽ പ്രഭാഷണങ്ങളും മൂന്നു ദിവസങ്ങളിൽ ഖുർആൻ തഫ്സീർ വിശദീകരണവുമായിട്ടാണ് വാരം ആചരിച്ചത്. എൻ.ഈജാസുൽ ഹഖ് സാഹിബ്, കെ. അബ്ദുൽ അസീസ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, ടി. ശംസുദ്ദീൻ, മൗലവി ശഫീഖ് അഹ്മദ് സാഹിബ് എന്നിവർ വിവിധ ദിവസങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി. പ്രൊഫ. എം. മുഹമ്മദ് സാഹിബ്, കെ. മുഹമ്മദ് സാലിഹ് സാഹിബ്, ടി. ശറഫുദ്ദീൻ സാഹിബ്, ടി. മുസഫ്ഫർ അഹ്മദ് സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, പി. അബ്ദുൽ മജീദ് സാഹിബ്, യു. ഹസ്സൻ സാഹിബ് എന്നിവർ അധ്യക്ഷത വഹിച്ചു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് തഫ്സീർ കബീർ അടിസ്ഥാനമാക്കി മൂന്ന് ദിവസങ്ങളിൽ ദർസ് നടത്തി.

**കടലായി:** കടലായി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിലുള്ള ഖുർആൻവാരം ജൂലൈ 10 തിങ്കൾ മുതൽ 17 തിങ്കൾവരെ നടത്തി. വിവിധ ദിവസങ്ങളിലായി മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മൗലവി അബ്ദുസ്സലാം സാഹിബ്, മൗലവി ശരീഫ് അഹ്മദ് സാഹിബ്, കെ. അബ്ദുൽ അസീസ് സാഹിബ്, ടി. ശംസുദ്ദീൻ സാഹിബ്, അംനാസ് സാഹിബ്, ടി. ആശീഖ് സാഹിബ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി. മദ്രസ്സ പരീക്ഷയിൽ ജയിച്ച കുട്ടികൾക്കുള്ള സമ്മാനദാനം സമാപനദിവസം പി.പി. അബ്ദുൽ മജീദ് സാഹിബ് നിർവ്വഹിച്ചു.

**പത്തപ്പിരിയം:** പത്തപ്പിരിയം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിലുള്ള ഖുർആൻവാരം ജൂലൈ 10 മുതൽ 16 വരെ ആചരിച്ചു. മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്ററുടെ പ്രസംഗത്തോടെയാണ് വാരാചരണം ആരംഭിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ വിശുദ്ധഖുർആനിലെ വിവിധ ജ്ഞാനങ്ങളെ സംബന്ധിച്ച് മൗലവി പി.അബ്ദുൽനാസർ സാഹിബ്, മൗലവി ടി.കെ. മഹ്മൂദ് സാഹിബ്, മൗലവി കെ. സിദ്ദീഖ് സാഹിബ്, മൗലവി പി. മുഹമ്മദ് സാഹിബ്, മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

**കണ്ണൂർടൗൺ:** ജൂലൈ 10 മുതൽ 16 വരെ കണ്ണൂർടൗൺ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖുർആൻ വാരം ആചരിച്ചു. വ്യത്യസ്തവും പ്രൗഢവുമായ പ്രഭാഷണങ്ങൾ ഖുർആൻവാരത്തെ സമുചിതമാക്കിത്തീർത്തു. വ്യത്യസ്ത ദിവസങ്ങളിലായി ജ: ഏ. എം.സലിം സാഹിബ്, ജ:മദാർ ശുകൂർ സാഹിബ്, ജ:ഈജാസുൽഹഖ് സാഹിബ്, മൗലവി ശഫീഖ് സാഹിബ്, മൗലവി അബ്ദുസ്സലാം സാഹിബ്, ശഫി അഹ്മദ് സാഹിബ്, പ്രൊ. എം. മുഹമ്മദ് സാഹിബ്, സജിത് നിസാർ സാഹിബ്, നിശാദ് അസീസ് സാഹിബ്, സുബിൻഅശ്റഫ് സാഹിബ് തുടങ്ങിയവർ ഖുർആനിക വിഷയങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തി. അബ്ദുറഹ്മാൻ സാഹിബ്, ഷാജിർ അഹ്മദ് സാഹിബ്, അഡ്വ: ജമിൽ അഹ്മദ് സാഹിബ്, മാലിക് സാഹിബ്, അബ്ദുൽ അസീസ് സാഹിബ് തുടങ്ങിയവർ വ്യത്യസ്ത ദിവസങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. സമാപനദിവസം മൗലവി ഇസ്മായിൽസാഹിബ്, പ്രൊ.മഹ്മൂദഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു. ജമാഅത്ത് പ്രസിഡന്റ് ബി.അബ്ദുസ്സലാം സാഹിബ് അദ്ധ്യക്ഷത വഹിച്ചു.

# അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യമാക്കി മുന്നേറുക

**മുഹമ്മദലി മാസ്റ്റർ സാഹിബ്**

**വാണിയമ്പലം, ജൂൺ 25:** അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി അഹ്മദികൾ ജീവിക്കണമെന്നും അതിന്നായി അഹോരാത്രം പ്രയത്നിക്കണമെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ മലപ്പുറം മേഖലാ അമീർ ജ: മുഹമ്മദലി മാസ്റ്റർ സാഹിബ് പറഞ്ഞു. മജ്‌ലിസ് അൻസാറുല്ലാ മലപ്പുറം മേഖലാ ഏകദിന ഇജ്തിമ വാണിയമ്പലത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അൻസാറുല്ലാ മേഖലാ നാസിം സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് അധ്യക്ഷനായിരുന്നു. മൗലവി സി.പി. മൊയ്തീൻകുട്ടി സാഹിബ് (ദഅ്‌വത്തെ ഇലല്ലാഹ്), മൗലവി ടി.കെ. മഹ്മൂദ് സാഹിബ് (വി.ഖുർആൻ പഠനം), ടി.കെ. മഹ്മൂദ് സാഹിബ് (വസിയ്യത്ത്) എന്നിവർ ക്ലാസ്സെടുത്തു. ഇജ്തിമായോടനുബന്ധിച്ച് നടത്തിയ ആരോഗ്യ പരിപാലന ക്ലാസ്സിൽ ഡോ. വസീം അഹ്മദ് സാഹിബ് സദസ്യരുടെ സംശയങ്ങൾക്ക് മറുപടി നൽകി. ടി.കെ. മഹ്മൂദ് സാഹിബ് ഖുർആൻ പാരായണം നടത്തി. ടി.കെ. അമീറലി സാഹിബ് സ്വാഗതവും പി. അലവി ഹാജി സാഹിബ് നന്ദിയും പറഞ്ഞു.




# ലജ്നഇമായില്ലാഹ് സംസ്ഥാന ഇജ്തിമ

**കോഴിക്കോട്,ജൂലൈ 23:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മഹിളാ സംഘടനയായ ലജ്നാ ഇമായില്ലായുടെ സംസ്ഥാന ഇജ്തിമ ജൂലൈ 22,23 തിയ്യതികളിൽ കോഴിക്കോട് വെച്ച് നടത്തി. ലജ്ന അഖിലേന്ത്യാ സദർ ബുശ്റ പാഷ സാഹിബ ഇജ്തിമ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സദർ അമത്തുൽ ഹഫീസ് സാഹിബ ചടങ്ങിൽ അധ്യക്ഷയായിരുന്നു. കേരള ചീഫ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ ഉപദേശപ്രസംഗവും കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബിന്റെ ആശംസാ പ്രസംഗവും ഉണ്ടായിരുന്നു. ഉദ്ഘാടന ചടങ്ങിൽ മൈമൂന സാഹിബ ഖുർആൻ പാരായണം നടത്തി. സിദ്ദീഖ സാഹിബ സ്വാഗതവും റസിയാബി സാഹിബ നന്ദിയും പറഞ്ഞു.

22-ന് വൈകുന്നേരം കോഴിക്കോട് ടൗൺഹാളിൽ പൊതുയോഗം സംഘടിപ്പിച്ചു. പൊതുയോഗത്തിൽ ബുഷ്റ പാഷ സാഹിബ, സിസ്റ്റർ ട്രീസാ പാലക്കൽ, പ്രൊഫ. സുചരിത ഹൊട്ട, ജുവൈരിയ ഗൗഹർ സാഹിബ, സാജിദ മുസഫർ സാഹിബ, അനീസ കലീം സാഹിബ എന്നിവർ സംസാരിച്ചു. ചടങ്ങിൽ ഡോ. മുബാറക്കാബീവി സാഹിബ ആധ്യക്ഷം വഹിച്ചു.

തുടർന്ന് രണ്ട് ദിവസങ്ങളിലായി മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, മൗലവി സഫർ അഹ്മദ് സാഹിബ്, മൗലവി ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ്, നസീമ സാഹിബ, ആയിശ സാഹിബ, റസിയാ ഹാരിസ് സാഹിബ എന്നിവരുടെ തർബിയ്യത്ത് ക്ലാസ്സുകളും വിവിധ വൈജ്ഞാനിക മത്സരങ്ങളുമുണ്ടായി. ബുശ്റ പാഷ സാഹിബ, അമത്തുൽ ഹഫീസ് സാഹിബ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. ജസീന സാഹിബ കേമ്പ് അവലോകനം നടത്തി സംസാരിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി രണ്ടായിരത്തോളം അംഗങ്ങൾ പങ്കെടുത്തു.

# ആത്മീയാധിപത്യത്തിന് പ്രാർത്ഥനയും ക്ഷമയും ആയുധമാക്കുക

**എൻ.ഇ. ഹഖ്**

**കണ്ണൂർസിറ്റി, ജൂലൈ 30:** എല്ലാവിധ തിന്മകളാലും കലുഷിതമായ ഈ ലോകത്ത് ആത്മീയ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള ആയുധം പ്രാർത്ഥനയും ക്ഷമയുമാണെന്ന് ജ:എൻ.ഇ. ഹഖ് സാഹിബ് പറഞ്ഞു. കണ്ണൂർ സിറ്റിയിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രാദേശിക ഇജ്തിമായിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ലോകത്ത് വമ്പിച്ച മാറ്റങ്ങൾക്ക് ചാലകശക്തിയായി പ്രവർത്തിച്ചിട്ടുള്ളത് ന്യൂനപക്ഷമായ യുവാക്കളാണ്. ലക്ഷ്യത്തെക്കുറിച്ചുള്ള പൂർണ്ണബോധവും മഹത്തായ ക്ഷമയുമുണ്ടെങ്കിൽ വിപ്ലവം സൃഷ്ടിക്കാൻ ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർക്കാവുമെന്നും അദ്ദേഹം പറഞ്ഞു. ഇജ്തിമ സിറ്റി ജമാഅത്ത് പ്രസിഡന്റ് ജ: കെ. മുഹമ്മദ് സാലിഹ് സാഹിബ് ഉദ്ഘാടനം ചെയ്തു. അജ്മാൻ മജ്‌ലിസ് ഖാഇദ് മൻസൂർ അഹ്മദ് സാഹിബ് സംബന്ധിച്ചു. യോഗത്തിൽ സിറ്റി ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് അദ്ധ്യക്ഷനായിരുന്നു. ടി. നിയാസ് അഹ്മദ് ഖുർആൻ പാരായണം നടത്തി. തുടർന്ന് നടന്ന ഖാദിമീങ്ങളുടെ മത്സരപരിപാടികൾ മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ് നിയന്ത്രിച്ചു.

# പ്രഭാഷണം

**കണ്ണൂർ:** ഡാവിഞ്ചി കോഡ് വിവാദത്തെ പറ്റി കണ്ണൂർ ടൗൺ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഒരു പ്രഭാഷണം സംഘടിപ്പിക്കപ്പെട്ടു. ഏ.എം. സലിം സാഹിബ് വിഷയം അവതരിപ്പിച്ചു. ശ്രോതാക്കളുടെ സംശയനിവാരണവും ഉണ്ടായി. യോഗത്തിൽ സജിൻ നിസാർ ആദ്ധ്യക്ഷം വഹിച്ചു. സുബിൻ അഷ്റഫ് നന്ദി പ്രകാശിപ്പിച്ചു.

# നിശാക്യാമ്പ്- പ്രാദേശിക ഇജ്തിമാഅ്

**കണ്ണൂർ:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നിശാകേമ്പും-പ്രാദേശിക ഇജ്തിമാഅ്ും സംഘടിപ്പിച്ചു. ആവേശകരമായ പ്രാതിനിധ്യം കൊണ്ട് കേമ്പ് ശ്രദ്ധേയമായി. ഖാദിംകളുടെ രാത്രികാല കൂട്ടായ്മ ഒരുപുതിയ അനുഭവമായിരുന്നു. ഭക്ഷണം ഖാദിംകൾ തന്നെ സ്വയം പാകം ചെയ്യുന്നതരത്തിൽ ഭൗതിക-ആത്മീയ തലങ്ങളിലെ സാഹോദര്യത്തിനാണ് ഈ പരിപാടി ഊന്നൽ നൽകിയത്. കേമ്പിനോട നുബന്ധിച്ച് ഡോ. നസിം അഹ്മദ് സാഹിബ്, മൗലവി ഇസ്മായിൽ സാഹിബ്, മൗലവി മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവരുടെ ക്ലാസ്സുണ്ടായിരുന്നു. കേമ്പിനോടനുബന്ധിച്ച് ഇജ്തിമായും നടത്തി. വിവിധ മത്സരങ്ങളും വിജ്ഞാന പരിപാടികളും ഈ കൂട്ടായ്മയെ സജീവമാക്കി. സമാപനചടങ്ങ് കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡന്റ് ബി.അബ്ദുസ്സലാം സാഹിബ് ഉദ്ഘാടനം ചെയ്തു. ഖാഇദ് ടി. ഷാജിർ അഹ്മദ് അദ്ധ്യക്ഷനായിരുന്നു. നിശാദ് അസീസ് കേമ്പ് അവലോകനം അവതരിപ്പിച്ചു. ഈ കൂട്ടായ്മയ്ക്ക് നാഇബ് ഖാഇദ് ഡോ. ആശിഫ്, ബി. നസിം, നവാസ് ഇടപ്പകത്ത് തുടങ്ങിയവർ നേതൃത്വം നല്കി.



യു.കെ. ജൽസയിൽ പങ്കെടുക്കാൻ ആഫ്രിക്കയിലെ ഒരു രാജാവ് എത്തിച്ചേരുന്നു.

# അത്ഫാൽ-ഖുദ്ദാം- സംയുക്ത ഇജ്തിമാ നൈറ്റ് ക്യാമ്പ്

**കടലായി:** കടലായി ജമാഅത്തിലെ അത്ഫാൽ-ഖുദ്ദാം സംയുക്ത പ്രാദേശിക ഇജ്തിമാഅ് 29.7.06 -ന് ശനിയാഴ്ച കടലായി മസ്ജിദിൽ നടന്നു. രാത്രി 7.30-ന് ആരംഭിച്ച ഇജ്തിമാ കടലായി അൻസാറുല്ലാഹ് സഇൗമ ജ:പി.പി. അബ്ദുൽ മജീദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ജ: മൗലവി മുഹമ്മദ് ശരീഫ് സാഹിബ് മുഖ്യപ്രഭാഷണം നടത്തി. മുഖ്യാതിഥിയായ മടിക്കേരി മജ്‌ലിസ് ഖാഇദ് ജ: മുഹമ്മദ് ശരീഫ് സാഹിബ് പ്രസംഗിച്ചു. ഖാഇദ് ജ: ടി.ആശിഖ് സാഹിബ് അധ്യക്ഷത വഹിച്ചു. ജന. സിക്രട്ടറി സി.വി. ഷംസീർ സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് ഖാദിമീങ്ങളുടേയും അത്ഫാലുകളുടേയും വിജ്ഞാനസദസ്സ് നടന്നു. രാത്രി ഭക്ഷണത്തിനുശേഷം അത്ഫാലുകളും ഖാദിമീങ്ങളും പള്ളിയിൽതന്നെ ക്യാമ്പ് ചെയ്തു. സുബ്ഹി നമസ്കാരത്തിനുശേഷം ഫുട്ബാൾ മാച്ചോടുകൂടി ഇജ്തിമാഅ് സമാപിച്ചു.

## വടക്കേ അമേരിക്കയിലെ ഏറ്റവും വലിയ പള്ളിയുടെ നിർമ്മാണം ആരംഭിച്ചു

**കൽഗറി:** വടക്കേഅമേരിക്കയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമ്മിക്കുന്ന ഏറ്റവും വലിയ പള്ളിയുടെ നിർമ്മാണപ്രവർത്തനം ജൂലൈ 28-ന് ആരംഭിച്ചു. കാനഡ അമീർ ജ: നസീം മഹ്ദി സാഹിബാണ് തറക്കല്ലിടൽ ചടങ്ങ് നിർവ്വഹിച്ചത്. 48,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിൽ ആയിരം പേർക്ക് ഒന്നിച്ച് നമസ്കരിക്കാനുള്ള സൗകര്യമുണ്ടായിരിക്കും. എക്സിബിഷൻ സെന്റർ, കൺ വെൻഷൻ സെന്റർ, സ്പോർട്സിനുള്ള സൗകര്യം, ക്ലാസ്സ് മുറികൾ, ലൈബ്രറി, കുട്ടികൾക്കായുള്ള പ്രത്യേക സ്ഥലം, അടുക്കള, ഭക്ഷണശാല തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ഒരു ഇസ്‌ലാമിക കേന്ദ്രമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് പ്രൊജക്ട് മാനേജർ നസീർ അഹ്മദ് അറിയിച്ചു. 14 മില്യൺ ഡോളർ നിർമ്മാണ ചിലവ് കണക്കാക്കുന്നു.

## ബംഗ്ലാദേശ് എം.പിക്ക് തിരിച്ചുവരേണ്ടി വന്നു!

**ഡാക്ക: ജൂലൈ 27:** ബംഗ്ലാദേശിലെ ജമാഅത്തെ ഇസ്‌ലാമിയുടെ പാർലമെന്റ് മെമ്പർ ദലവാർ ഹുസൈൻ സെയ്ദിക്ക് ബ്രിട്ടനിലെ പര്യടനം കടുത്ത പ്രതിഷേധത്തെ തുടർന്ന് വെട്ടിച്ചുരുക്കേണ്ടി വന്നു. അഹ്മദികളേയും, ഹിന്ദുക്കളേയും വൃത്തികെട്ട ഭാഷയിൽ അധിക്ഷേപിക്കാറുള്ള ഈ ബംഗ്ലാ എം.പി. ഒരു മെഡിക്കൽ പരിശോധനയ്ക്കാണ് ലണ്ടനിലെത്തിയതെന്ന് കരുതപ്പെടുന്നു. എന്നാൽ ഇദ്ദേഹത്തിന്റെ ലണ്ടൻ സന്ദർശനം മാധ്യമങ്ങളിൽ വലിയ വാർത്തയായി. ചില ബ്രിട്ടീഷ് എം.പിമാരും, ബംഗ്ലാ കുടിയേറ്റക്കാരും, മനുഷ്യാവകാശ പ്രവർത്തകരും സൈയ്ദിയുടെ സന്ദർശനത്തെ കടുത്തഭാഷയിൽ അപലപിച്ചു. ഇതേതുടർന്ന് ആസൂത്രണം ചെയ്തതിൽനിന്ന് വ്യത്യസ്തമായി തന്റെ സന്ദർശന പരിപാടി വെട്ടിച്ചുരുക്കാൻ ഇദ്ദേഹം നിർബന്ധിതനായി. എന്നാൽ ഈ സംഭവം ബംഗ്ലാദേശിലെതന്നെ തങ്ങളുടെ ചില പ്രതിയോഗികൾ ഒപ്പിച്ചതാണെന്നാണ് ബംഗ്ലാ ജമാഅത്ത്-ഇസ്‌ലാമിയുടെ വക്താവ് അവകാശപ്പെടുന്നത്. സെയ്ദിയെപ്പോലുള്ള ഒരു 'ഭീഷണി'യെ തങ്ങളുടെ രാജ്യത്ത് സ്വതന്ത്രനാക്കി വിടുന്നതിലുള്ള അപകടം ബ്രിട്ടീഷ് പ്രധാനമന്ത്രിയെ ധരിപ്പിക്കാൻ ബ്രിട്ടീഷ് മാധ്യമങ്ങൾ വളരെയേറെ പ്രയത്നിച്ചിരുന്നു. അഹ്മദി വിരുദ്ധകലാപത്തെ പരസ്യമായി പിന്തുണച്ച ഹുസൈൻ സയ്ദിയെ ബ്രിട്ടീഷ് മാധ്യമങ്ങൾ കടുത്ത രീതിയിലാണ് വിമർശിച്ചത്. സയ്ദിയുടെ വിസ റദ്ദാക്കാൻ ഗവർമ്മെന്റ് കാണിച്ച വേഗക്കുറവ് വലിയ പ്രതിഷേധങ്ങൾക്കിടയാക്കി. ബ്രിട്ടനിലെ 'ഡെയ്‌ലി മെയ്ൽ' പത്രം ബ്രിട്ടീഷ് വിദേശകാര്യവകുപ്പ് സേവിക്കേണ്ടത് രാജ്യതാല്പര്യങ്ങളെയാണ് ഇസ്‌ലാമിക ഭീകരതയെയല്ല' എന്ന തലക്കെട്ടോടെ വിശകലനക്കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു.

*(അവലംബം ഇന്തോ-ഏഷ്യൻന്യൂസ് സർവീസ്)*

## മുസ്‌ലിംകൾ രാജ്യസ്നേഹം പ്രകടമാക്കുക: മൗലാനാ നസിം മഹ്ദി

മുസ്‌ലിംകൾ തങ്ങൾ വസിക്കുന്ന രാജ്യത്തോട് വിശ്വസ്തത പുലർത്തണമെന്ന് കാനഡ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രസിഡന്റ് മൗലാനാ നസീം മഹ്ദി ആഹ്വാനം ചെയ്തു. രാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണെന്ന് നബി(സ) തിരുമേനി പറഞ്ഞത് അദ്ദേഹം ഓർമ്മിപ്പിച്ചു. കാനഡയിലെ വെസ്റ്റ്മിയർ റിക്രിയേഷൻ സെന്ററിൽ പടിഞ്ഞാറൻ കാനഡയിലെ അഹ്മദികളുടെ വാർഷിക ഇജ്ത്തിമായെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മുസ്‌ലിം വിശ്വാസപ്രമാണങ്ങൾ അനുസരിച്ചുള്ള സൽഭരണം, മതസ്വാതന്ത്ര്യം തുടങ്ങിയവ മുസ്‌ലിം രാജ്യങ്ങളെക്കാളും നടപ്പിലാക്കുന്നത് കാനഡയിലാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കാനഡയിലെ മുസ്‌ലിംകൾ ഏതു രീതിയിലും കാനഡയോട് പരിപൂർണ്ണമായ വിധേയത്വം കാണിക്കണമെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു.

## അഹ്മദിയ്യാ മുസ്‌ലിം സ്ക്കൂൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

**സിറാലിയോൺ, ജൂലൈ 25:** സിറാലിയോൺ അഹ്മദിയ്യാ മുസ്‌ലിം സെക്കന്ററി സ്കൂൾ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം നടത്തി. 1964-ൽ ആരംഭിച്ചതാണ് ഈ സ്കൂൾ. ചടങ്ങിൽ 'ലേബർ സോഷ്യൽ സെക്യൂരിറ്റി വകുപ്പ് മന്ത്രി മി. അൽഫ ടിമ്പോ, സിറാലിയോൺ പീപ്പിൾസ് പാർട്ടി ചെയർമാനും സ്കൂൾ ഡയരക്ടറുമായ അൽഹാജി യു.എൻ.എസ്.ജാ, സ്കൂൾ അസോസിയേഷൻ പ്രസിഡന്റ് മി. കമണ്ട ബോംഗെ, പ്രിൻസിപ്പാൾ മി. അബ്ദുൽകരീംസേസ എന്നിവർ സംബന്ധിച്ചു.

## ഖുർആൻ വാരം

കോഴിക്കോട്: കോഴിക്കോട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 14 മുതൽ 20വരെ ഖുർആൻവാരം ആചരിച്ചു. അമീർ എ.പി. കുഞ്ഞാമു സാഹിബ് ഉദ്ഘാടനം ചെയ്തു. മൗലവി മുഹമ്മദ് ഉമർ സാഹിബ്, കെ.വി.ഈസക്കോയാ സാഹിബ്, കെ. മുഹമ്മദ് യൂസുഫ് സാഹിബ്, ഐ.കെ. അഹ്മദ്കുട്ടി സാഹിബ്, എ. മുഹമ്മദ് സലീം സാഹിബ്, ടി. അഹ്മദ് സയീദ് സാഹിബ് തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് സംസാരിച്ചു. കെ.വി. ഹസ്സൻകോയ സാഹിബ് നന്ദി പറഞ്ഞു.

## യു.കെ. 40-ാമത് വാർഷിക ജൽസ സമാപിച്ചു

28.7.06 വെള്ളിയാഴ്ച ഇന്ത്യൻ സമയം രാത്രി 9.10-ന് സയ്യിദുനാ ഹസ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) പതാക ഉയർത്തിയതോടെ യു.കെ. വാർഷികസമ്മേളനത്തിന് തിരശ്ശീല ഉയർന്നു. തുടർന്ന് ഫിറോസ് ആലം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ഉദ്ഘാടന പരിപാടിക്ക് തുടക്കം കുറിച്ചു. സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ഉദ്ഘാടനപ്രഭാഷണം നടത്തി.

രണ്ടാംദിവസം ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 2.40 ഓടെ രണ്ടാമത്തെ സെഷൻ ആരംഭിച്ചു. ഹാഫിസ് സുലൈമാൻ ദാവൂദ് സാഹിബ് ഖുർആൻ പാരായണം ചെയ്തു. നദീം അഹ്മദ് സാഹിബ് പദ്യാലാപനം നടത്തി. മൗലാനാ അബ്ദുൽ ബാസിത് സാഹിബ് ശാഹിദ് (അമീർ ജമാഅത്ത് അഹ്മദിയ്യാ, ഇന്തോനേഷ്യ) ബിലാൽ അറ്റ്കിൻസൻ സാഹിബ് (റീജിയണൽ അമീർ, നോർത്ത് ഈസ്റ്റ് റീജിയൺ, യു.കെ) അത്താവുൽ മുജീബ് റാശിദ് സാഹിബ് (ഓഫീസർ, ജൽസാ ഗാഹ്, ഇമാം മസ്ജിദ് ഫസൽ, ലണ്ടൻ) എന്നിവർ പ്രസംഗിച്ചു. 5 മണിയോടെ ഹുസൂർ അഹ്മദീ സ്ത്രീകളെ അഭിസംബോധന ചെയ്തു. ഈ വർഷം ജമാഅത്തിന്റെ മേലുണ്ടായ ദൈവികാനുഗ്രഹങ്ങളെ സംബന്ധിച്ച് അന്നുരാത്രി ഹുസൂർ രണ്ട് മണിക്കൂർ പ്രഭാഷണം നടത്തി. 30-ാം തിയ്യതി വൈകുന്നേരം 6 മണിക്ക് കൂട്ടബയ്അത്ത് നടന്നു. രാത്രി 9.50-ന് ഹുസൂർ ഉപസംഹാര പ്രഭാഷണം നടത്തി. 29,898 പ്രതിനിധികൾ 81 രാഷ്ട്രങ്ങളിൽനിന്ന് പങ്കെടുത്തു. പാക്കിസ്ഥാനിൽനിന്ന് മൂവായിരത്തിലേറെ പേരാണ് പങ്കെടുത്തത്. ഈ വർഷം 2,93,881 പേർ ബയ്അത്ത് ചെയ്തു. 102 രാഷ്ട്രങ്ങളിൽനിന്ന് 270 വിവിധ ജനവിഭാഗത്തിൽപ്പെട്ടവരാണിവർ.



യു.കെ. ജൽസയിലെ സദസ്സ് ഒരു വീക്ഷണം.

*(1-ാം പേജിൽനിന്ന്)*

വീണ്ടും വിശദീകരിച്ചു പറഞ്ഞു: ഈ ആഖിറത്ത് പരിപൂർണ്ണമായനിലയിൽ നിങ്ങളുടെ മുമ്പിലുണ്ടെന്ന് മനസ്സിലാക്കപ്പെടുന്നത്, നിങ്ങളുടെ ഉള്ളിൽ തഖ്‌വ ഉണ്ടാകുമ്പോഴും അല്ലാഹുവിനോടുള്ള ഭയമുണ്ടാകുമ്പോഴും സ്വാത്മപരിത്യാഗവും ദോഷങ്ങളിൽനിന്നുള്ള അകൽച്ചയും ഉണ്ടാകുമ്പോഴുമാണ്. അല്ലാഹുവിനോടുള്ള ഭയം ഉൾക്കൊണ്ടും അവൻ രക്ഷപ്പെടാൻ പറഞ്ഞ എല്ലാ കാര്യങ്ങളിൽനിന്ന് രക്ഷപ്പെട്ടും, അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിലൂടെ നിങ്ങൾ സഞ്ചരിക്കുക. ഇതുതന്നെയാണ് അല്ലാഹുവിൽനിന്നുള്ള പാപമോചനവും അവന്റെ തൃപ്തി കിട്ടാൻ കാരണമായിത്തീരുന്നതും. നമ്മുടെയുള്ളിൽ ദൈവഭീതിയുണ്ടെങ്കിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമുക്ക് സ്വാത്മപരിത്യാഗത്തിന്റെ അവസ്ഥ ഉണ്ടാക്കേണ്ടതായിവരും. എന്താണ് സുഹ്ദ് അഥവാ സ്വാത്മപരിത്യാഗം? പരലോകത്തോടുള്ള സ്നേഹം കാരണത്താൽ ഭൗതികതയിൽനിന്ന് മുഖം തിരിച്ചുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുകയെന്നതാണ് സുഹ്ദ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ സൃഷ്ടിക്കാനുദ്ദേശിക്കുന്ന ആരാധനയുടെ നിലയാണിത്. ഇതുമുഖേന അല്ലാഹുവിനോടുള്ള കടമ നിറവേറ്റപ്പെടുന്നു. നമ്മുടെ ആരാധനാകർമ്മങ്ങൾ സ്വന്തം ആവശ്യത്തിന്റേയും ബുദ്ധിമുട്ടിന്റേയും നേരത്ത് നമ്മുടെ ആഗ്രഹാഭിലാഷങ്ങൾമാത്രം ലഭ്യമാകുന്നതിനുവേണ്ടിയാണെങ്കിൽ അത് ഒരു സാഹിദിന്റെ, സ്വാത്മപരിത്യാഗിയുടെ ആരാധന എന്നു പറയപ്പെടുകയില്ല. ഈ ആരാധന നമ്മുടെ മനസ്സ് ആഖിറത്തിലേക്ക് പരിപൂർണ്ണമായും കുനിഞ്ഞിരിക്കുന്നതു കൊണ്ടോ അല്ലാഹുവിന്റെ സ്നേഹം അവനെ ആരാധിക്കാൻ നമ്മെ നിർബന്ധിക്കുന്നതു കൊണ്ടോ ***വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** എന്ന അവന്റെ കല്പന ഉള്ളതുകൊണ്ടോ അല്ല. അതായത് ജിന്നിനേയും ഇൻസിനേയും നാം സൃഷ്ടിച്ചത് നമ്മെ ആരാധിക്കുന്നതിനുവേണ്ടിയാണെന്ന അല്ലാഹുവിന്റെ കല്പന കൊണ്ടല്ല നാം അവനെ ആരാധിക്കുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവിതത്തിന്റെ യഥാർത്ഥലക്ഷ്യം അല്ലാഹുവിനെ ആരാധിക്കുകയും അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കുകയും അല്ലാഹുവിന്റേതായിത്തീരുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് ജൽസയുടെ ഈ മൂന്നുദിനങ്ങളിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശമനുസരിച്ച്, ആ സുഹ്ദിന്റെ, സ്വാത്മപരിത്യാഗത്തിന്റെ മാതൃകയാകാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. നമ്മുടെ നമസ്കാരവും നമ്മുടെ ആരാധനാകർമ്മങ്ങളും അല്ലാഹുവിനു വേണ്ടിമാത്രമാകാൻ അത് അനിവാര്യമാണ്. അല്ലാതെ ആവശ്യം വരുമ്പോൾ മാത്രം നമ്മുടെ ആഗ്രഹലബ്ധിക്കായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാകരുത്.

നമ്മുടെ നമസ്കാരത്തിന്റേയും ആരാധനാകർമ്മങ്ങളുടേയും അവസ്ഥ ഇങ്ങനെയായിത്തീരുമ്പോഴാണ് നമ്മൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശമനുസരിച്ചും അവിടത്തെ ആഗ്രഹമനുസരിച്ചും ദോഷങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നതിന് മാതൃകയായിത്തീരുന്നത്. അങ്ങനെ തഖ്‌വയുടെ മാർഗ്ഗങ്ങളിലൂടെ നടക്കുന്നവരായിത്തീരുന്നതുമാണ്. പിന്നീട് അവിടന്ന് നമ്മെ ഉപദേശിച്ചുകൊണ്ടുപറയുന്നു: ആഖിറത്തിനെക്കുറിച്ച് നമുക്ക് ചിന്തയുണ്ടാകുമ്പോൾ, തീർച്ചയായും അല്ലാഹുവിന്റെ ദീനിനുവേണ്ടി ത്യാഗം വരിക്കാനുള്ള ചിന്തയും ഉണ്ടാകും. അവിടന്ന് നമ്മെ ഈ ജൽസയിലേക്ക് വിളിച്ചുചേർത്തതിന്റെ ഉദ്ദേശ്യം, ദീനിന്റെ അഭിവൃദ്ധിക്ക് അനിവാര്യമായിട്ടുള്ള ഈ പരിപാടികളിൽ പങ്കെടുക്കുകയും അതിൽ ചുറുചുറുക്ക് കാണിക്കുകയും ചെയ്യുക എന്നതാണ്. ഇന്ന് ആ ദീനീ പരിപാടികൾ എന്താണ്? നബി(സ) തിരുമേനി 'ജിഹാദെ അക്ബർ'- ഏറ്റവും വലിയ ജിഹാദ് എന്ന് നാമകരണം ചെയ്തിട്ടുള്ള ആ ദീനീപരിപാടികളാണത്. ഈ ജിഹാദ്, തോക്കുകൊണ്ടോ പീരങ്കി കൊണ്ടോ ബോംബ് കൊണ്ടോ ചെയ്യുന്ന ജിഹാദല്ല. അത് സ്വന്തം കാര്യലാഭത്തിന്നായി സാധാരണക്കാരെ രക്തത്തിൽ മുക്കി നിരപരാധികളായ കുട്ടികളുടേയും സ്ത്രീകളുടേയും ജീവൻ നഷ്ടപ്പെടുത്തുന്ന ജിഹാദുമല്ല. നമ്മൾ മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരാണ്. ഇക്കൂട്ടർ കാട്ടിക്കൂട്ടുന്നതിൽനിന്നും നാം പരിശുദ്ധരാണ്. നാം നമ്മുടെ പ്രിയപ്പെട്ട നബി (സ)യുടെ നിർദ്ദേശമനുസരിച്ച്, ഏതൊരു ജിഹാദിലേക്കാണോ വിളിക്കുന്നത്, മുഹമ്മദീ മസീഹ് ഏതൊരു ദീനീപരമായ നടപടികളിൽ ഉത്സാഹം കാണിക്കാനാണോ നമ്മോടു പറയുന്നത്, അത് ഖുർആന്റെ അദ്ധ്യാപനത്തെ സ്വന്തം ജീവിതത്തിൽ നടപ്പിൽവരുത്തുകയും, ലോകത്തോട് പറയുകയും ചെയ്യുക എന്നതാണ്. നാം നമ്മെ തബ്‌ലീഗ് രംഗത്തേക്ക് ഉന്തിയിടേണ്ടതാണ്. അതിനും അല്ലാഹുവിന്റെ സഹായം ലഭിക്കാൻ നമ്മുടെ ആത്മീയതയ്ക്ക് മൂർച്ച കൂട്ടേണ്ടതാണ്. ഈ ജിഹാദ് വീണ്ടും ചെയ്യുന്നതിനും, ഖുർആന്റെ അദ്ധ്യാപനം ലോകത്ത് പരത്തുന്നതിനും അതിനെ പ്രചരിപ്പിക്കുന്നതിനും വേണ്ടി, ധനത്യാഗരംഗത്ത് ഒരാൾ മറ്റൊരാളെ കവച്ചുവയ്ക്കേണ്ടതാണ്. ഈ ത്യാഗങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടു കുതിക്കാനുള്ള രീതികൾ പഠിക്കേണ്ടതുമാണ്.

ഈ പാഠം പൗരസ്ത്യർക്കും പാശ്ചാത്യർക്കും നാം പറഞ്ഞുകൊടുക്കേണ്ടതാണ്. ഖുർആനികാദ്ധ്യാപനത്തിന്റെ ഉന്നത അവസ്ഥകളുടെ പരമാർത്ഥ ജ്ഞാനം മുസ്‌ലിംകൾക്കും അറിയിച്ചുകൊടുക്കേണ്ടതാണ്. മനോഹരമായ ഇസ്‌ലാമികാദ്ധ്യാപനത്തിന്റെ സൗന്ദര്യം അന്യമതക്കാർക്കും പരിചയപ്പെടുത്തികൊടുക്കേണ്ടതാണ്. നിങ്ങൾ ലോകത്തോട് പറയണം: ഇന്ന് നിങ്ങളെല്ലാവരും സംഘടിച്ചുകൊണ്ട് ദരിദ്രരാഷ്ട്രങ്ങളുടേയും ഇസ്‌ലാമികരാഷ്ട്രങ്ങളുടേയും അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നു. അവരെ നശിപ്പിക്കാൻ അവരുടെ പിന്നാലെ കൂടിയിരിക്കുന്നു.

ഇസ്റായീൽ ഇപ്പോഴെന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. സാധാരണക്കാരേയും കുട്ടികളേയും സ്ത്രീകളേയും വൃദ്ധരേയും നിർദ്ദാ

*(ശേഷം 7-ാം പേജിൽ)*

# അൽഹഖ്

AHMADIYYA NEWS BULLETTIN

ജൂലായ് 2006 റജബ്


## കത്തുന്ന പലസ്തീൻ മേഖല

**പ**ഴയ മെസപ്പൊട്ടോമിയൻ പ്രദേശമാകെ ഇന്ന് പുകഞ്ഞുകൊണ്ടിരിക്കുകയാണ്. ആ പ്രദേശത്ത് ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്തായി തീ ആളിക്കത്തിക്കൊണ്ടിരിക്കുന്നു. മുസ്‌ലിംകൾക്കും, ക്രിസ്തീയർക്കും, ജൂതർക്കും ഒരുപോലെ താല്പര്യമുള്ള ഈ പ്രദേശത്തെ നിത്യസംഘർഷത്തിന്റെ നരകമാക്കി മാറ്റിയതിൽ അമേരിക്കയും റഷ്യയും ബ്രിട്ടനും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ലോകം ഇന്നുവരെ ദർശിച്ചിട്ടില്ലാത്ത തരത്തിലുള്ള കൊടിയവഞ്ചനയിലൂടെയാണ് ഇക്കൂട്ടർ ഈ പ്രദേശത്തിന്റെ സ്വൈര്യത കെടുത്തിയത്. ആദ്യം ഒട്ടോമൻ സാമ്രാജ്യത്തിന്റെ കൈവശമായിരുന്ന പലസ്തീൻ പ്രദേശം വമ്പൻചതിയിലൂടെ ബ്രിട്ടൻ സ്വന്തം നിയന്ത്രണത്തിലാക്കുകയായിരുന്നു. ഇറാഖിലേയും കുവൈത്തിലേയും വൻ എണ്ണശേഖരമാണ് ബ്രിട്ടനെ ഇതിനു പ്രേരിപ്പിച്ചത് എന്ന് വ്യക്തം. ഐക്യരാഷ്ട്രസംഘടനയെ ഉപയോഗിച്ച് ബ്രിട്ടൻ പലസ്തീനുമേൽ മാന്റേറ്ററി ഭരണാധികാരം നേടിയതോടുകൂടിയാണ് പലസ്തീനിലേക്കു വമ്പിച്ചതോതിൽ ജൂതകുടിയേറ്റം ആരംഭിച്ചത്. അതോടെ അതുവരെ ഒരു ഗ്രാമത്തിൽമാത്രം ഒതുങ്ങാവുന്ന അംഗസംഖ്യയുണ്ടായിരുന്ന ജൂതരുടെ എണ്ണം നിരവധി മടങ്ങായി വർദ്ധിച്ചു. ഇതോടെ നിലനില്പിനായി മതവ്യത്യാസത്തിനതീതമായി പലസ്തീനികൾ ചെറുത്തുനില്പാരംഭിച്ചു. ഇതിനെ ബ്രിട്ടൻ എല്ലാ ശക്തിയുമുപയോഗിച്ച് തകർക്കുകയായിരുന്നു. കുടിയേറിയ ജൂതർ പലസ്തീനികളെ സ്വന്തം നാട്ടിൽനിന്നും തുരത്തി. അറബികൾ ഇതര രാജ്യങ്ങളിൽ നാടും വീടുമില്ലാതെ അഭയാർത്ഥികളുമായി. 1947-ൽ അമേരിക്കയും റഷ്യയും ബ്രിട്ടനും ചേർന്ന് യു.എൻ.ഒ.വിനെ മറയാക്കി പലസ്തീനെ വെട്ടിമുറിച്ചു. അംഗസംഖ്യയിൽ അറബികളേക്കാൾ പകുതിമാത്രം വരുന്ന ജൂതർക്ക് പലസ്തീന്റെ ഭൂരിഭാഗ പ്രദേശങ്ങൾ വിട്ടുകൊടുത്തുകൊണ്ട് അറബികളെ ചുരുങ്ങിയ പ്രദേശത്ത് ഒതുക്കിനിർത്തിക്കൊണ്ടുള്ള ഈ വിഭജനമാണ് ഇന്നും കെട്ടടങ്ങാത്ത പ്രശ്നങ്ങൾക്ക് നിദാനമായത്. ജൂതരെ ബ്രിട്ടൻ സുരക്ഷിതമായി ഇസ്റായിലിൽ കുടിയിരുത്തിയതോടെ ഭരണത്തിൽനിന്നും പിന്മാറി. 1948-ൽ ഇസ്റായിൽ സ്വതന്ത്രരാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു. അതിനുശേഷം അമേരിക്കയുടേയും ബ്രിട്ടന്റേയും പരസ്യമായ സഹകരണത്തോടെയും റഷ്യയുടെ മൗനാനുവാദത്തോടെയും ശേഷിച്ച അറബികളെ തുരത്താനുള്ള അതിനിഷ്ഠൂരമായ പ്രവർത്തനങ്ങൾ ഇസ്റായിൽ നടത്തുന്നതാണ് ലോകം കണ്ടത്.

ഇന്നും അത് നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഹിസ്ബുള്ള എന്ന ഒരു ഭീകരസംഘടന തങ്ങളുടെ രണ്ട് സൈനികരെ തട്ടിക്കൊണ്ടുപോയെന്ന കാരണം പറഞ്ഞ് ലബനൻ മുഴുവൻ പിടിച്ചടക്കാനുള്ള ഒരു പടയോട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്. നിരപരാധികളായ കുട്ടികളും സ്ത്രീകളും അടക്കമുള്ള സിവിലിയന്മാരെ കൊന്നൊടുക്കിക്കൊണ്ടുള്ള ഈ നായാട്ട് ലോകത്തെ എവിടെ കൊണ്ടെത്തിക്കും? കഴിഞ്ഞവർഷം ഗാസയിൽനിന്നും തന്ത്രപരമായി പിന്മാറിയ ഇസ്റായിൽ തങ്ങൾ ലോകസമാധാനത്തിന് ഏത് വിട്ടുവീഴ്ചയ്ക്കും തയ്യാറാണെന്ന് ലോകത്തെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ഹിസ്ബുല്ല അയക്കുന്ന ഓരോ മിസൈലിനും പകരമായി ലബനനിലെ പത്ത് വൻകിട കെട്ടിടങ്ങൾ ബോംബിട്ട് തകർക്കണമെന്നതാണ് ഇസ്റായിൽ സൈനികർക്ക് നൽകിയ നിർദ്ദേശം. ഇപ്പോഴും അമേരിക്ക ഇസ്റായിലിനെ ന്യായീകരിക്കുകയാണ്.

ഇറാഖിലും കുവൈത്തിലും കടന്നുകഴിഞ്ഞ അമേരിക്കയ്ക്കും ബ്രിട്ടനും എണ്ണപ്പാടങ്ങൾ യഥേഷ്ടം ലഭിച്ചുകഴിഞ്ഞു. അതിന്നായി ഇനി അവർക്ക് ഈ ജൂതരാഷ്ട്രത്തെ ആവശ്യമില്ല. അതിനാൽ ആക്രമം നിർത്താൻ ഒരുപക്ഷേ അവർ പറഞ്ഞേക്കും. പക്ഷേ, ഇസ്റായിൽ അവരേയും ധിക്കരിക്കുമെന്ന അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. മർദ്ദിതരുടെ പ്രാർത്ഥനകൾ പാഴാക്കിയ ചരിത്രം അല്ലാഹുവിനില്ല. ഇസ്റായേലിലൂടെ ശപിക്കപ്പെട്ട ജൂതന്മാരുടെ കൂട്ടനാശം അടുത്തിരിക്കുന്നുവോ? അനിവാര്യമായ ഒരു മൂന്നാംലോക മഹായുദ്ധത്തിലേക്കാണോ ഈ പോക്ക്? ഏതായാലും മെസപ്പൊട്ടോമിയൻ പ്രദേശംതന്നെയാണ് അവസാനയുദ്ധഭൂമി. വൻശക്തികൾ നശിച്ചൊടുങ്ങുന്നതും ഈ പ്രദേശത്തുതന്നെയാണ്. ആ സമയം അടുത്തിരിക്കുന്നുവെന്ന് തോന്നുംവിധമാണ് കാര്യങ്ങളുടെ പോക്ക്. സത്യവിശ്വാസികൾക്ക് ഇത് നേരത്തെ അറിയാവുന്നതാണ്. യഥാർത്ഥ ഇസ്‌ലാമിലേക്ക് മടങ്ങുക മാത്രമാണ് സ്വരക്ഷക്കുള്ള ഏകപദ്ധതിയായി മുസ്‌ലിംകളുടെ മുന്നിലുള്ളത്. അല്ലാഹുവിന്റെ ഖലീഫയുടെ വാക്കുകളിലേക്ക് ഇവർ ശ്രദ്ധ നൽകിയെങ്കിൽ എത്ര നന്ന്!

# അശാന്തിയുടെ മദ്ധ്യപൂർവ്വേഷ്യ

ടി. ശാജിർ അഹ്മദ്

ഇസ്റായേൽ മനുഷ്യക്കുരുതികൾ തുടർന്നു നടത്തുമ്പോൾ ലോകം വെറുതെയിരിക്കും. നമുക്ക് അത്ഭുതം തോന്നുന്നു. ഏകപക്ഷീയവും നിഷ്ഠൂരവുമായ ആക്രമണങ്ങൾക്ക് യാതൊരു നീതീകരണവുമില്ല. എന്നിട്ടും ഇസ്റായേൽ പ്രതിയാകുന്നില്ല. ശക്തമായൊരു പ്രതികരണം പോലും എങ്ങുനിന്നുമുണ്ടാവുന്നില്ല. ഇപ്പോൾ ടി.വി. ചാനലിൽ തെളിയുന്നത് ഏറ്റവും അവസാനത്തെ ഇസ്റായേൽ വ്യോമാക്രമണത്തിന്റെ ദൃശ്യങ്ങളാണ്. ബോംബിംഗിൽ മരിച്ചതോ മൃതപ്രായമായതോ ആയ ഒരു പെൺകുട്ടിയെ കയ്യിലെടുത്തുകൊണ്ട് ആരോ ഓടുന്നു. ബോംബിംഗിൽ പാടെ തകർന്ന കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽനിന്ന് ഒരു മനുഷ്യന്റെ കാലുകൾ തെളിയുന്നു. ഹൃദയം നിങ്ങളുടെ ശരീരത്തിൽ ഇപ്പോഴുമുണ്ടെങ്കിൽ ഒരുനിമിഷം അത് സ്തംഭിക്കുന്നു.

പക്ഷേ, ലോകത്തിന് നിസ്സംഗതയാണ്. ഏറെക്കുറേ 400 ഓളം ലിബിയക്കാരും 40-ൽകൂടുതൽ ഇസ്റായേലുകാരും ഈ ഏറ്റുമുട്ടലിൽ മരിച്ചുകഴിഞ്ഞു. ആഴ്ചകൾക്കു മുമ്പ് ഗാസാമുനമ്പിൽ തടവിലാക്കപ്പെട്ട ഇസ്റായേലി ഭടനുവേണ്ടിയാണ് ഇസ്റായേൽ യുദ്ധം തുടങ്ങിയതെന്ന് കരുതപ്പെടുന്നു. എന്നാൽ ഇത് മാത്രമാണോ ഇസ്റായേൽ ലക്ഷ്യം? അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി കോണ്ടാലിസ റൈസ് അടുത്തിടെ ആവർത്തിക്കുന്ന ഒരു പുതിയ വാക്കുണ്ട് 'ഒരു പുതിയ മദ്ധ്യപൂർവ്വേഷ്യ!' വളരെ തന്ത്രപരമായ ലക്ഷ്യവേദിയായ ഒരു പ്രയോഗമത്രെ ഇത്. ഇസ്റായേലിന് ലെബനോൻ കീഴടക്കാനുള്ള മനോധൈര്യം എല്ലായ്പ്പോഴുമുണ്ട്. ഹിസ്ബുല്ലായെയാണ് ഇസ്റായേൽ ഇപ്പോൾ നേരിടുന്നത്. എന്നാൽ ഹിസ്ബുല്ല മാത്രമല്ല ഉന്നം. ഹമാസും തൊട്ടരികിൽ സിറിയയും പ്രത്യേകം പരാമർശിക്കേണ്ട ഒന്നത്രെ. പിന്നീട് ഇറാനും. അങ്ങനെ വരുമ്പോൾ ഇറാഖിന് ചുറ്റുമുള്ള രാജ്യങ്ങളുടെയെല്ലാം തന്നെ നട്ടെല്ലൊടിക്കാനുള്ള തന്ത്രമാണിത്. ഏറ്റവുമവസാനം ഇറാഖിലെ അനിയന്ത്രിത ഘടകങ്ങളേയും വരുതിയിലാക്കാം. ഇങ്ങനെയൊരു പിന്നാമ്പുറം ഈ ആക്രമണത്തിന് പിറകിലുണ്ടെന്ന് സംശയിക്കാവുന്നതാണ്.

എന്തായാലും ഇസ്റായേലിന്റേയും ഒപ്പം ഹിസ്ബുല്ലായുടേയും കണക്കുകൾ പിഴച്ചിരിക്കുന്നു. ദുർബലമായ സംവിധാനമായാണ് ഇസ്റായേൽ ഹിസ്ബിനെ കണ്ടിരുന്നത്. എന്നാൽ, കൂടുതൽ പിടിച്ചുനിൽക്കുന്ന രാഷ്ട്രീയമായിപ്പോലും ശക്തി പ്രതലങ്ങളുള്ള ഒരു തീവ്ര ശിയാ വിഭാഗമായി ഹിസ്ബ് മാറ്റപ്പെട്ടിരിക്കുന്നു. ഇപ്പോഴും ടെൽ അവിവിന് നേരെ തൊടുക്കാവുന്ന ചില റോക്കറ്റുകളെങ്കിലും ഇവരുടെ പക്കലുണ്ട്. ഇതുപോലെതന്നെ ലെബനൻ ഗവർമ്മെന്റിന്റേയും കണക്കുകൂട്ടൽ തെറ്റുന്നു. കഴിഞ്ഞവർഷം സിറിയൻ സൈന്യത്തെ പിന്തള്ളിയിരുന്നു ലെബനൻ. ഒരു പുരോഗമന-മതേതര പ്രതിച്ഛായ അതിനുണ്ട്. ഈ പ്രതിച്ഛായ നിസ്സാരമല്ല. അമേരിക്കയ്ക്ക് മദ്ധ്യേഷയിൽ പ്രിയപ്പെട്ട ഭരണകൂടങ്ങളിലൊന്നാവുകയായിരുന്നു ലെബനൻ. അതിനാൽ ലെബനനുനേരെയുള്ള ഏതുതരം കടന്നാക്രമണവും അമേരിക്ക തടയുമെന്നായിരുന്നു ലെബനിസ് മനോരാജ്യം. എന്നാൽ ഇസ്റായേലിനെതിരെ 'നോ' പറയാനുള്ള ഒരാൺതരി അമേരിക്കയിൽ ഇനിയും ജനിക്കേണ്ടിയിരിക്കുന്നു. ഇതിലൊക്കെയുപരി സമഗ്രവും കേന്ദ്രീകൃതവുമായ ഒരു അധിനിവേശം ഹിസ്ബുല്ലയും പ്രതീക്ഷിച്ചിരുന്നില്ല. തങ്ങളുടെ താവളങ്ങളിൽ പുതിയ ചെറുത്തുനില്പുകളെക്കുറിച്ച് ആലോചിക്കുമ്പോഴും എത്രകാലം എന്ന ചോദ്യം ഹിസ്ബുല്ലിനെ അലട്ടുന്നുണ്ട്. എന്നാൽ ഈയൊരു ഇസ്റായേൽ ആക്രമണം ഹിസ്ബുല്ലയെ വളരെ സഹായിക്കുന്നുണ്ട്. ഇസ്റായേലി കടന്നുകയറ്റത്തിന് തൊട്ടുമുമ്പുവരെ ലെബനിലെ പൊതു സമൂഹം ഹിസ്ബുല്ലയെ അത്രകണ്ട് സ്വീകരിച്ചിരുന്നില്ല. എന്നുവെച്ചാൽ ഒരു വലിയ വിഭാഗം ആളുകൾ ഹിസ്ബിനെയും അതുപോലുള്ള ഗറില്ല സംഘടനകളേയും ശക്തമായി എതിർത്തിരുന്നു. എന്നാൽ പുതിയ സംഭവവികാസങ്ങളോടെ ലബനിസ് സമൂഹത്തിൽ ഹിസ്ബുല്ല വളരെ നിർണ്ണായക വിഭാഗമായി മാറുന്നു. തങ്ങളുടെ രാജ്യം സംരക്ഷിക്കാനുള്ള ബാധ്യത സ്വയമേറ്റെടുത്ത സ്വാതന്ത്ര്യ പോരാളികളായി ഇവർ മാറിയിട്ടുണ്ട്. രാഷ്ട്രീയമായി കടുത്ത വിലപേശൽ ശേഷി ഇതുവഴി ഹിസ്ബിന് വന്നുചേരുന്നു. ഹിസ്ബിനെ എതിർത്ത നിഷ്പക്ഷ മതേതര വീക്ഷണക്കാർ പോലും ഇവരെ പിന്തുണക്കുന്ന ഒരു സന്ധിയിലേക്ക് കാര്യങ്ങൾ എത്തിച്ചേർത്തിരിക്കുന്നു. പാലസ്തീനിൽ ഹമാസ് എങ്ങനെ രൂപാന്തരം പ്രാപിച്ചോ ആ രീതിയിൽ ഹിസ്ബുല്ലയും ജനകീയ സ്വീകാര്യത നേടുകയാണ്. പോരാത്തതിന് സുന്നി നേതൃത്വത്തിലുള്ള ഹമാസും, ഷിയാ നിയന്ത്രിത ഹിസ്ബും വ്യക്തമായ ധാരണയിൽ ഒത്തുചേരുന്നു. ലോകസമാധാനത്തിനു തന്നെ ഭീഷണിയുയർത്തുന്ന ഈ കൂട്ടായ്മ ഇസ്റായേൽ വിരുദ്ധതയിൽനിന്നാണ് ഉടലെടുക്കുന്നത്.

ഇവിടെ യു.എൻ. കൈകാര്യം ചെയ്യുന്ന പങ്ക് ചിന്താർഹമത്രെ. കാര്യമാത്ര പ്രസക്തവും ശക്തവുമായ ഒരിടപെടലും നിർവഹിക്കാൻ ഐക്യരാഷ്ട്രസഭയ്ക്കാവുന്നില്ല. കാരണം യു.എസ് നേതൃത്വത്തിലുള്ള പുതിയ ലോകക്രമത്തിന്റെ തിരുവാഴ്ത്ത് ലംഘിക്കാൻമാത്രം യു.എൻ ഒന്നുമല്ല. ശക്തമായ ഒരു താക്കീതോ, അന്താരാഷ്ട്ര തലത്തിലെ ഉപരോധമോ ഒന്നും മുന്നോട്ടുകൊണ്ടുവരാൻ അംഗരാജ്യങ്ങൾക്ക് സാധിച്ചില്ല. ഏറ്റവും ചുരുങ്ങിയത് ജനവാസകേന്ദ്രങ്ങളിലുള്ള മനുഷ്യത്വരഹിതമായ ബോംബിംഗിനെ തടയാൻപോലും ഐക്യരാഷ്ട്ര

(ശേഷം 6-ാം പേജിൽ

# ഇസ്റായിൽ

**1969 ജനുവരിമാസത്തിൽ സത്യദൂതനിൽ മർഹൂം എൻ. അബ്ദുർറഹീം സാഹിബ് എഴുതിയ ഒരു കുറിപ്പ് ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.**

ഇസ്റായിൽ ഇന്ന് റഷ്യക്കും അമേരിക്കയ്ക്കും വമ്പിച്ച തലവേദനയായിരിക്കുകയാണ്. ഈ രണ്ട് മഹാശക്തികൾക്കും നിയന്ത്രിക്കാനാവാത്ത നിലകളിലേക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു. റഷ്യയുടേയും അമേരിക്കയുടേയും താല്പര്യങ്ങളെ അപകടത്തിലാക്കിക്കൊണ്ടേ പശ്ചിമേഷ്യയിൽ- അറബ് ഇസ്റയിൽ പ്രശ്നത്തിൽ- എന്തെങ്കിലും പരിഹാരമുണ്ടാക്കാനാകൂ എന്ന് വന്നിരിക്കുകയാണ്. ലോകത്തിലെ അത്യാപൽക്കരവും മർമ്മപ്രധാനവുമായ ഒരു കേന്ദ്രം ആയിട്ടാണ് പശ്ചിമേഷ്യയിലെ ഈ പ്രശ്നപ്രദേശത്തെ കുറിച്ച് എണ്ണപ്പെട്ട എല്ലാ ലോകതന്ത്രജ്ഞന്മാരും സൈന്യനായകന്മാരും ഭരണനിപുണന്മാരും കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി താക്കീത് ചെയ്തുവന്നിട്ടുള്ളത്. അത് ഇസ്റായിലിന്റേയും അറബ് രാജ്യങ്ങളുടേയും അഥവാ ജേഷ്ഠാനുജന്മാരുടെ മക്കൾ തമ്മിലുള്ള ഒരു പ്രശ്നമായിക്കരുതി അടക്കിനിർത്താവുന്നതല്ല എന്നും, ലോകത്തെ മുഴുവനും ചുട്ടുചാമ്പലാക്കുന്ന ഒരാറ്റം യുദ്ധത്തിൽ രണ്ട് ശാക്തികചേരികളുടെ ബലാബലം നിർണ്ണയിച്ചേ അതിനു പരിഹാരം കണ്ടെത്താനാകൂ എന്നും, അല്ലെങ്കിൽ ആധുനിക പാശ്ചാത്യ പരിഷ്ക്കാരത്തിന്റെ അന്ത്യം കുറിക്കുന്ന അതിഭയാനകമായ ഒരു സാർവ്വത്രികനാശത്തിലാണത് കൊണ്ടെത്തിക്കുകയെന്നും ഇന്ന് ഏതാണ്ട് തീർച്ചയായിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഇസ്റായിലിനെ ചൊല്ലി റഷ്യയുടേയും അമേരിക്കയുടേയും നിലനില്പുതന്നെ ആപത്തിലായിരിക്കുകയാണ്. തന്നിമിത്തം അവിടെ ഒരു പൊട്ടിത്തെറി ഇല്ലാതാക്കാൻ ഇരുശക്തികളും വളരെ ആത്മാർത്ഥമായതരത്തിൽ സഹകരിച്ചു പ്രശ്നപരിഹാരത്തിനു ശ്രമിക്കുന്നതായിട്ടാണ് കാണുന്നത്. എന്നാൽ അവർക്കിനി ഊരിച്ചാടാൻ വയ്യ! ചരിത്രം അവർക്ക് മാപ്പുനൽകുകയില്ലതന്നെ. ഏതൊരു പ്രശ്നത്തിലാണോ അമേരിക്കയും റഷ്യയും ചരിത്രത്തിലാദ്യമായി ആത്മാർത്ഥമായിത്തന്നെ കൈകോർത്തുനിന്നത് ആ പ്രശ്നത്തിന്റെ അന്തിമഫലങ്ങളനുഭവിക്കുന്നതിലും അവർ യോജിക്കണം. എന്നുവെച്ചാൽ അവർ എന്നും വിയോജിച്ചേ പറ്റൂ!

പ്രവചനപൂർത്തീകരണങ്ങളുടെ ഘോഷയാത്ര എത്ര അത്ഭുതകരമായിട്ടാണ്, എത്ര മനോഹരമായ തന്മയത്വത്തോടെയാണ് നീങ്ങുന്നത്. നൂറ്റാണ്ടുകളുടെ താക്കീതുകൾ ശ്രദ്ധിക്കപ്പെട്ടില്ല. അനിവാര്യമായതു സംഭവിക്കുന്നു. റഷ്യയും അമേരിക്കയും തമ്മിൽ ഏറ്റുമുട്ടാറായ എത്രയെത്ര സംഭവങ്ങൾ ലോകത്തു നടന്നില്ല? എന്നാൽ ഹർമ്മഗെദ്ദോൻ പശ്ചിമേഷ്യയിൽവെച്ചുതന്നെയാണ് നടക്കേണ്ടത്.

റഷ്യയുടേയും അമേരിക്കയുടേയും ഇന്നത്തെ ധർമ്മസങ്കടത്തിൽനിന്നു സമർത്ഥമായി മുതലെടുക്കാനാണ് ഇസ്റയിൽ ഇപ്പോൾ ശ്രമിക്കുന്നത്. ഇസ്റായിലിനെ എങ്ങനെയാണ് തൃപ്തിപ്പെടുത്തേണ്ടതെന്ന് ഇരുശക്തികളും തലപുകഞ്ഞാലോചിക്കുകയാണ്. ഗദരദേശത്തെ ഭ്രാന്തനെപ്പോലെ ഇളക്കിച്ചാടുന്ന ഇസ്റായിലിനെ ചങ്ങലകൊണ്ടുപോലും ബന്ധിച്ചുകൂടാഞ്ഞു" വലിയവർ വിഷമിക്കുന്നു. ഇസ്റായിലിന്റെ സൃഷ്ടിപ്പിനുവേണ്ടി യു.എൻ.ഒവിൽ വെച്ചു അവിഹിതബന്ധം സ്ഥാപിച്ച റഷ്യയും അമേരിക്കയും അവർക്ക് കൂട്ടുനിന്ന ബ്രിട്ടനും തങ്ങളുടെ ഈ ജാരപുത്രന്റെ പോക്കിരിത്തരത്തെ സെക്യൂരിറ്റി കൗൺസിലിൽ ഏകോപിച്ചാക്ഷേപിക്കേണ്ടിവന്നതു ഈയ്യിടെ മാത്രമാണല്ലോ. ഇസ്റായിലിന്റെ നിലനില്പ് ആരുടെയെങ്കിലും കാരുണ്യത്താലാണെന്ന തെറ്റിദ്ധാരണ ആർക്കും ഇല്ലാതിരിക്കട്ടെ എന്നാണ് സെൻഷർ പ്രമേയത്തെപ്പറ്റി ഇസ്റായിൽ പ്രതിനിധി പറഞ്ഞത്. അമേരിക്കയുടേയും റഷ്യയുടേയും സംയുക്ത ശാസനയെപ്പോലും ഇസ്റായിൽ തൃണവൽഗണിക്കുമെന്നായിരിക്കുന്നു. ഇസ്റായിൽ ആറ്റംബോംബ് നിർമ്മിച്ചുകൊണ്ടിരിക്കുകയാണെന്ന റിപ്പോർട്ടുകളുമുണ്ട്. കാര്യങ്ങൾ ഇങ്ങനെതന്നെയാണ് നീങ്ങേണ്ടതും. തുടക്കം മുതൽക്കേയുള്ള യഹൂദപാരമ്പര്യം ഇതത്രെ! വിശ്വസിച്ചവനെ ചതിക്കുകയും പാലുകൊടുത്ത കൈക്ക് കയറിക്കടിക്കുകയും ചെയ്യുന്ന ചരിത്രം.

പാവപ്പെട്ട അറബിമു

(ശേഷം 5-ാം പേജിൽ)

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### മലിക്ക് മൗലാനാ ബഖ്ശ് സാഹിബ് അമൃത്സരി(റ)

എസ്. അഹ്മദ്

നാലഞ്ച് തലമുറകൾക്ക് മുമ്പായി കശ്മീരിൽനിന്നും പഞ്ചാബിലെ അമൃതസറിൽ വന്ന് സ്ഥിരതാമസമാക്കിയ കച്ചവട പാരമ്പര്യമുള്ള ഒരു കുടുംബമായിരുന്നു മലിക് സാഹിബിന്റേത്. ഈ കുടുംബത്തിൽനിന്നും മലിക് സാഹിബ് ആദ്യമായി സർക്കാർ ജോലി നേടി. അമൃത്സർ സെഷൻ കോടതിയിൽ ക്ലാർക്കായിട്ടായിരുന്നു ഔദ്യോഗിക ജീവിതം ആരംഭിച്ചത്. സാധുസംരക്ഷണം, ദാനധർമ്മങ്ങൾ, മറ്റുള്ളവരുടെ അവകാശങ്ങൾ വാങ്ങിക്കൊടുക്കാൻ പരിശ്രമിക്കുക തുടങ്ങി സാധാരണഗതിയിലുള്ള ചില സദ്ഗുണങ്ങളല്ലാതെ മറ്റു മതപരമായ ഒരു ജീവിതരീതി അദ്ദേഹത്തിന്റെ പിതാവിനുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ വിശുദ്ധ ഖുർആൻ പഠിക്കുവാനോ മറ്റു ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുവാനോ ഉള്ള ഒരന്തരീക്ഷം മലിക് സാഹിബിന് ലഭ്യമായിരുന്നില്ല. പ്രത്യക്ഷത്തിൽ ഇങ്ങനെയുള്ള ഒരവസ്ഥയിൽ മതപരമായ ഒരു ജീവിതം പ്രാപ്യമാകുക എന്നുള്ളത് പ്രയാസകരമാണ്. എന്നാൽ അല്ലാഹുവിന്റെ സഹായഹസ്തം എങ്ങനെ പ്രവർത്തിച്ചുവെന്ന് നോക്കുക. മലിക് സാഹിബ് 15 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ ഒരു ബന്ധു ഒരു സ്വപ്നം കണ്ടു. ഒരു ബന്ധു അദ്ദേഹത്തിനെ പച്ചവസ്ത്രം ധരിച്ചുകൊണ്ട് ഒരുയർന്ന സ്ഥലത്ത് നില്ക്കുന്നതായി കണ്ടു. ഇതാണ് സ്വപ്നം. മലൗവി അഹ്മദുല്ലാഹ് സാഹിബ് ഈ സ്വപ്നത്തിന് വ്യാഖ്യാനം നൽകി. ഈ കുട്ടി ദീനീബോധമുള്ളവനായിത്തീരും.'' എന്നാണ് വ്യാഖ്യാനം നൽകിയത്. ഈ സ്വപ്നത്തിന്റെ പൂർത്തീകരണമെന്നോണം ഇമാം മഹ്ദി (അ)യുടെ കയ്യിൽ ബയ്അത്ത് ചെയ്ത് അദ്ദേഹത്തിന്റെ വിനീതദാസനായിത്തീർന്ന അദ്ദേഹം തന്നെക്കുറിച്ച് സ്വപ്നം കണ്ട ബന്ധുവിനേയും ജമാഅത്തിലേക്ക് ക്ഷണിച്ചു. ദൗർഭാഗ്യമെന്നു പറയട്ടെ അയാൾക്കത് സ്വീകരിക്കാനായില്ല.

പല സ്വപ്നങ്ങളുടെയും ദർശനങ്ങളുടേയും അടിസ്ഥാനത്തിൽ 1900 ഡിസംബർ അവസാനത്തിലാണ് മലിക് സാഹിബ് ബയ്അത്ത് ചെയ്തത്. ഇത് കുടുംബത്തിൽ അസ്വസ്ഥതകളുണ്ടാക്കി. ജനങ്ങൾ പിതാവിനടുത്തെത്തി ആവലാതി പറഞ്ഞു. "നിങ്ങളുടെ മകൻ മതപരിത്യാഗി ആയിരിക്കുന്നു." പിതാവ് മറുപടി പറഞ്ഞു. ''ഞാനവനിൽ ഒരു തിന്മയും കാണുന്നില്ല. അവൻ ആദ്യത്തേതിനേക്കാൾ വളരെ നന്നായിരിക്കുന്നു. അവനെ ഞാൻ എന്നേക്കാൾ മികച്ച ഒരു മുസ്‌ലിമായിട്ടാണ് കാണുന്നത്." ദൈവികസഹായങ്ങളും സംരക്ഷണങ്ങളും പലപ്പോഴായി മലിക് സാഹിബിന് ഉണ്ടായിക്കൊണ്ടിരുന്നു. ജീവിതത്തിന്റെ പല നിർണ്ണായക ഘട്ടങ്ങളിലും- ഒന്നാം ഖലീഫയുടെ ശേഷമുടലെടുത്ത ഫിത്നയുൾപ്പെടെ- സ്വപ്നങ്ങളും ദർശനങ്ങളും മുഖേന അദ്ദേഹത്തിന് മാർഗ്ഗദർശനം ലഭിച്ചുകൊണ്ടിരുന്നു. അൽവസിയ്യത്ത് പദ്ധതിയിൽ അംഗമായത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ശ്രദ്ധേയമായ ഒരു സംഭവമാണ്. അൽവസിയത്തെന്ന ആത്മീയപദ്ധതി വിഭാവനം ചെയ്യപ്പെട്ടു. അതു സംബന്ധമായ പുസ്തകം പ്രസിദ്ധീകൃതമായി. ജമാഅത്തിലെ പലരും പദ്ധതിയിൽ അംഗമായി. മലിക് സാഹിബിനേയും ഉപദേശിച്ചു. എന്നാൽ എല്ലാം ബുദ്ധിയുടെ അടിസ്ഥാനത്തിൽ മാത്രം സ്വീകരിച്ചിരുന്ന മലിക് സാഹിബിന് അതുൾക്കൊള്ളാനായില്ല. എന്നാൽ അല്ലാഹുവിന്റെ കാരുണ്യത്താൽ ചില സംഭവങ്ങൾ മുഖേന അദ്ദേഹവും വസിയ്യത്ത് പദ്ധതിയിലംഗമായി.



വിശുദ്ധഖുർആന്റെ ആദ്യ ജുസൂഅ്ന്റെ ഇംഗ്ലീഷ് തർജ്ജമ ആദ്യമായി ഖാദിയാനിൽ നിന്നും പ്രസിദ്ധീകൃതമായി. അതിന്റെ ഒരു പ്രതി തന്റെ ഒരു സുഹൃത്തിന് നൽകാൻ മലിക് സാഹിബ് തീരുമാനിച്ചു. കുറച്ചുനാൾ അഹ്മദിയായിരിക്കുകയും പിന്നീട് കോൺഗ്രസ് നേതാവായിക്കൊണ്ട് അഹ്മദിയ്യത്ത് ഉപേക്ഷിക്കുകയും ചെയ്ത ഡോ. സൈഫുദ്ദീൻ എന്നയാളാണ് ആ സുഹൃത്ത്. പാർട്ടി പ്രവർത്തനവും ജനസേവനവുമെല്ലാം ആരാധനാകർമ്മങ്ങളേക്കാൾ മികച്ചതാണെന്ന അവസ്ഥയിലേക്ക് ഡോ. സൈഫുദ്ദീൻ എത്തിച്ചേരുകയായിരുന്നു. നമസ്കാരവും മറ്റും നിലനിർത്താൻ മലിക് സാഹിബ് സുഹൃത്തിനെ ഉപദേശിച്ചു. പക്ഷേ, അയാൾ അതിന് തയ്യാറായില്ല. അവസാനം മലിക് സാഹിബ് ഇങ്ങനെ ചോദിച്ചു. താങ്കൾ മുസ്‌ലീമല്ലേ? വിശുദ്ധഖുർആനെ താങ്കൾ ദൈവികഗ്രന്ഥമായി മനസ്സിലാക്കുന്നില്ലേ?" അയാൾ മറുപടി പറഞ്ഞു. "ഏതെങ്കിലും ഗ്രന്ഥത്തെ വെളിപാടുഗ്രന്ഥമായി മനസ്സിലാക്കുന്നു എന്നതുകൊണ്ട് അതിന്റെ എല്ലാ കാര്യങ്ങളും അനുസരിക്കണമെന്നില്ല. ബുദ്ധിക്കനുസൃതമായി നമുക്ക് തോന്നുന്ന കാര്യങ്ങൾ മാത്രമേ അനുസരിക്കേണ്ടതുള്ളൂ." ഈ മറുപടി മലിക് സാഹിബിനെ അസ്വസ്ഥനാക്കി. "ഇയാളെന്തൊരു മനുഷ്യൻ." മലിക് സാഹിബ് ചിന്തിച്ചു. ഈ സംഭവം മലിക് സാഹിബിൽ മറ്റൊരു പ്രതികരണമുണ്ടാക്കി. അദ്ദേഹം സ്വയം ചിന്തിച്ചു. "അയാളുടെ മേൽ ആക്ഷേപമുന്നയിക്കാൻ എനിക്കെന്തവകാശം. എന്റെ അവസ്ഥയെന്ത്? ഹസ്റത്ത് അഹ്മദ്(അ)നെ സത്യാത്മാവായി ഞാൻ അംഗീകരിക്കുന്നു. എന്നാൽ അദ്ദേഹത്തിനാൽ വിഭാവനം ചെയ്യപ്പെട്ട വസിയ്യത്ത് വ്യവസ്ഥയിൽ അംഗമാകുന്നില്ല." മലിക് സാഹിബിന്റെ കണ്ണുകൾ തുറക്കപ്പെട്ടു.

ഇതുപോലെ മറ്റൊരു സംഭവമുണ്ടായി. ജോലിയാവശ്യാർത്ഥം മലിക് സാഹിബ് ഹോശിയാർപൂരിൽ തങ്ങിയിരുന്ന കാലം. ഒരു ദിവസം ഒരു ന്യായാധിപൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി. മലിക് സാഹിബിന്റെ മകനും വീട്ടിലുണ്ടായിരുന്നു. ഡിഗ്രി വിദ്യാഭ്യാസം കഴിഞ്ഞ ഈ മകന് തബ്ലീഗ് ഒരാവേശമായിരുന്നു. സംസാരമദ്ധ്യേ ന്യായാധിപൻ ചോദിച്ചു. ''ബിഹിശ്തി മഖ്ബറയിൽ മറയക്കപ്പെടുന്നവർ സ്വർഗ്ഗീയസ്ഥരായിരിക്കുമെന്നുള്ളതിനെന്താണ് തെളിവ്?" മലിക് സാഹിബും മകനും പല മറുപടികൾ പറഞ്ഞു. എന്നാൽ ന്യായാധിപൻ ആക്ഷേപം ഉന്നയിച്ചുകൊണ്ടേയിരുന്നു. പെട്ടെന്ന് മലിക് സാഹിബിന്റെ മനസ്സിലേക്ക് ഒരു മറുപടി അല്ലാഹു ഇട്ടുകൊടുത്തു. മലിക് സാഹിബ് ന്യായാധിപനോട് തിരിച്ചു ചോദിച്ചു. "താങ്കളൊരു മുസ്‌ലിമല്ലേ? സ്വർഗ്ഗമുണ്ടെന്നതിന് തെളിവെന്ത്? ഇതെല്ലാം സാങ്കല്പികങ്ങളാണെന്നല്ലേ ചിലർ വിശ്വസിക്കുന്നത്?'' ന്യായാധിപൻ അമ്പരന്നു. മറുപടി നൽകാൻ ന്യായാധിപനായില്ല. മലിക് സാഹിബ് പറഞ്ഞു. "നബിതിരുമേനി (സ)യെ നാം സത്യവാനായി അംഗീകരിക്കുന്നു. അദ്ദേഹം സ്വർഗ്ഗനരകങ്ങളെക്കുറിച്ച് നമ്മോട് പറഞ്ഞു. അത് നാം അംഗീകരിക്കുന്നു. ന്യായാധിപൻ അത് ശരിവെച്ചു. മലിക് സാഹിബ് തുടർന്നു. ''നോക്കൂ സുഹൃത്തേ ബഹിശ്തിമഖ്ബറയുടെ തെളിവും അത് തന്നെയാണ്. ഹസ്റത്ത് അഹ്മദ് (അ)നെ ഞങ്ങൾ സത്യവാനായി അംഗീകരിക്കുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം പറയുന്നത് ഞങ്ങൾ അംഗീകരിക്കുന്നു.'' ന്യായാധിപൻ മൗനിയായി. മലിക് സാഹിബ് സ്വയം ചിന്തിച്ചു. എന്റെ മറുപടി ന്യായാധിപന് തൃപ്തിയായി. വസിയ്യത്ത് ചെയ്യാൻ ഇനി എന്തു തെളിവാണ് ആവശ്യമുള്ളത്. മലിക് സാഹിബ് പിന്നെ അമാന്തിച്ചില്ല. ഉടനെ വസിയ്യത്തിൽ അംഗമായി.

ഔദ്യോഗിക ജീവിതത്തിലെ വിശാലമായ ബന്ധം പ്രയോജനപ്പെടുത്തിക്കൊണ്ട് ബഹുമാന്യരായ ആളുകളെ ഭക്ഷണത്തിന്നായി ക്ഷണിച്ചുകൊണ്ട് തബ്ലീഗ് അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ അദ്ദേഹം പ്രത്യേക വൈദഗ്ദ്യം പ്രകടിപ്പിച്ചിരുന്നു. ഉമ്മുൽ മുഅ്മിനീനും ജമാഅത്തിലെ മറ്റു മഹാത്മാക്കളും ഖലീഫത്തുൽ മസീഹ് സാനി(റ)വും ഗുർദാസ്പൂരിലേക്ക് പോകുമ്പോൾ താമസിച്ചിരുന്നത് മലിക് സാഹിബിന്റെ ഭവനത്തിലായിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ചശേഷം പൂർണ്ണമായും ജമാഅത്തിനായി തന്നെ സമർപ്പിച്ച മലിക് സാഹിബ് ബൈത്തുൽ മാൽ, ബഹിശ്തി മഖ്ബറ, ജായിദാദ്, ഖാദിയാൻ ടൗൺ കമ്മിറ്റി സദർ, കോടതി വ്യവഹാരങ്ങളുടെ സഹായി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1949 ഒക്ടോബറിലാണ് വഫാത്തായത്.

*4-ാം പേജിൽനിന്ന്*

സ്‌ലിംകളെ ജൂതവാഴ്ചയ്ക്ക് അന്യായമായി അടിമപ്പെടുത്തിക്കൊണ്ട് അറബിരാഷ്ട്രങ്ങളുടെ മധ്യത്തിൽ ഇസ്‌റായിലാകുന്ന കഠാരി കുത്തിക്കയറ്റി (ഇസ്‌റായിലിന്റെ ഭൂപടംതന്നെ കഠാരിരൂപത്തിലാണ്) മുസ്‌ലിം ലോകത്തിനെതിരായി അന്താരാഷ്ട്ര ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരുന്ന ശക്തികൾ ലബനനോനെ ഇസ്റായിൽ ഓർക്കാപ്പുറത്ത് ആക്രമിച്ചപ്പോൾ മാത്രമേ കണ്ണുതുറന്നുള്ളൂവെന്നോ? യേശുവിന്റെ തിരുനാവുകൊണ്ട് ശപിക്കപ്പെടുകയും കുറ്റം വിധിക്കപ്പെടുകയും ചെയ്ത യഹൂദജനതയുടെ ചരിത്രപരമായ പാപങ്ങളെ പോപ്പ് പൗലോസ് തിരുമേനിയുടെ മറുനാവുകൊണ്ട് നക്കിതുടക്കാൻ ഒരിക്കലുമാവുകയില്ല. ഇസ്റായിലിനെ പാപമോചനം ചെയ്തനുഗ്രഹിച്ചു മുസ്‌ലിംലോകത്തിന്റെ പുണ്യകേന്ദ്രങ്ങളിൽ നിത്യഭീഷണികളുണ്ടാക്കാൻ വത്തിക്കാൻ നടത്തുന്ന ഗൂഢാലോചനകളെ പൊളിക്കാനുള്ള ശക്തി ഇസ്ലാമിന്റെ ദൈവത്തിനുണ്ട്.

അറബികളേ! ലോകത്തെ കിടുകിട വിറപ്പിച്ച അറബികളേ! വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം ലോകം മുഴുവനും പരത്തിയ പരിഷ്ക്കാരനായകന്മാരും ധർമ്മദൂതന്മാരുമായിരുന്ന നിങ്ങളുടെ പൂർവ്വികന്മാരിൽനിന്നു ഹാ, നിങ്ങൾ എത്ര വ്യത്യസ്തർ!! തന്നെ കള്ളനാക്കിയ യഹൂദരുടെ മേൽ, വിശ്വസിച്ചവർ ലോകാവസാനംവരെ വിജയശ്രീലാളിതരായിരിക്കുമെന്ന് ഈസാമസീഹ് ചെയ്ത പ്രവചനം ദൈവവചനം തന്നെയെങ്കിൽ നിങ്ങൾക്കെന്തേ ഈ ലജ്ജാവഹമായ എളിമത്തവും പരാജയവും? പ്രിയന്മാരേ, നിങ്ങൾ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ കൈവിട്ടുകളഞ്ഞിരിക്കുന്നു. ജീവിച്ചിരിക്കുന്ന ക്രിസ്തീയ ദൈവത്തിലാണ് നിങ്ങൾ വിശ്വസിച്ചത്, മർത്യനായ ഈസാനബിയിലല്ല. ഈസാനബിയെ നിങ്ങൾ തിരുനബിയെക്കാൾ മേലെയാക്കി. നിങ്ങളെ അല്ലാഹു ഇസാനബിയെ അവിശ്വസിച്ചവരുടെ ചവിട്ടടിയിലാക്കി. അത് ദൈവത്തിന്റെ പ്രതികാരം! ഈസാനബി(അ) മരിച്ചുപോയെന്നു വിശ്വസിക്കുന്നതിലാണ് ഇസ്ലാമിന്റേയും മുസ്‌ലിം ലോകത്തിന്റേയും വിജയം. മസീഹിനെ കൈക്കൊള്ളുന്നതിലാണ് മുസ്‌ലിം ലോകത്തിന്റെ മോക്ഷം. അതുകൊണ്ട് തന്നെയാണ് വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദുൽ ഖാദിയാനി(അ) പറഞ്ഞത്. "ഈസാനബിയെ നിങ്ങൾ മരിക്കാൻവിടുക. അതിലാണ് ഇസ്ലാമിന്റെ വിജയം" എന്ന്. ഇസ്റായിൽ പ്രശ്നത്തിന്റെ ശാശ്വതമായ പരിഹാരവും അതിൽതന്നെ!!

## സുന്നി ആക്രമണം: അഹ്മദികൾ ഗ്രാമത്തിൽ പ്രവേശിക്കുന്നതിന് വിലക്ക്

ലാഹോർ: വിശുദ്ധ ഖുർആൻ പ്രതികൾ കത്തിച്ചുവെന്ന ദുരാരോപണമുന്നയിച്ച് ലാഹോറിലെ ജന്തോസാഹി വില്ലേജിൽ നടന്ന അഹ്മദിയ്യാ വിരുദ്ധകലാപത്തെത്തുടർന്ന് പാലായനം ചെയ്യേണ്ടിവന്ന പന്ത്രണ്ടോളം അഹ്മദി കുടുംബങ്ങൾ തിരികെ ഭവനത്തിൽ പ്രവേശിക്കുന്നതിന് വിലക്കേർപ്പെടുത്തി. രണ്ട് അഹ്മദി യുവാക്കൾ ഖുർആന്റെ പ്രതികൾ കത്തിക്കുന്നത് കണ്ടുവെന്ന കള്ളസാക്ഷിയുടെ മറവിൽ നടന്ന വ്യാപകമായ ആക്രമണത്തിൽ ചില വീടുകൾ, രണ്ട് കടകൾ, പള്ളി എന്നിവ കത്തിച്ചുചാമ്പലാക്കുകയും രണ്ടുപേരെ പരിക്കേൽപ്പിക്കുകയും ചെയ്തു. ജൂൺ 24-ന് ഉച്ചക്കുശേഷമാണ് അക്രമം അരങ്ങേറിയത്. ഖുർആൻ കത്തിച്ചുവെന്നപേരിൽ 7 അഹ്മദികളെ പോലീസ് അറസ്റ്റ് ചെയ്തു. മൂന്നുപേരെ പിന്നീട് വിട്ടയക്കുകയും രണ്ടുപേരെ ജയിലടക്കുകയും രണ്ടുപേരെ പോലീസ് കസ്റ്റഡിയിൽതന്നെ വെക്കുകയും ചെയ്തു. ഗ്രാമത്തിലുണ്ടായിരുന്ന 13 കുടുംബങ്ങളിൽ 12 ഉം റബ്വയിലേക്ക് മാറിത്താമസിച്ചു. തങ്ങളുടെ ഭവനങ്ങളും കടകളും തീയിട്ട സുന്നികൾക്കെതിരെ കേസെടുക്കണമെന്ന് അഹ്മദികൾ ആവശ്യപ്പെട്ടുവെങ്കിലും അഹ്മദികൾ ആരും തന്നെ ഗ്രാമത്തിലേക്ക് തിരികെ പോകരുതെന്ന ഉത്തരവാണ് പോലീസ് നല്കിയിരിക്കുന്നത്. അഹ്മദികൾക്ക് സംരക്ഷണം കൊടുക്കുന്നവരേയും ആക്രമിക്കുമെന്ന് ഉച്ചഭാഷിണി മുഖേന ഭീഷണിപ്പെടുത്തുകയും ചെയ്തു. മുൾട്ടാനിൽ നിന്നും ഗ്രാമത്തിലെത്തിയ മുല്ലയാണ് സുന്നി തഹ്‌രിക് എന്ന സംഘടനയുടെ നേതൃത്വത്തിൽ അഹ്മദിയ്യാ വിരുദ്ധ കലാപങ്ങൾക്ക് നേതൃത്വം നൽകുന്നതെന്ന് തദ്ദേശവാസികൾ അറിയിച്ചു.

ആയുധങ്ങൾകൊണ്ട് അതിർത്തികൾ കീഴ്പ്പെടുത്താനായേക്കും പക്ഷെ ഹൃദയങ്ങളെ കീഴ്പ്പെടുത്താനാവില്ല. ശക്തി പ്രകടിപ്പിച്ച് തല കുനിപ്പിക്കാനാകും. എന്നാൽ മനസ്സുകളെ മാറ്റാനാവില്ല."

*(ഹ:ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)*

## ഖുർആൻ

“അല്ലാഹുവിൽ വിശ്വസിച്ചതിനുശേഷം വല്ലവരും നിഷേധിക്കുന്നതായാൽ- തന്റെ ഹൃദയം സത്യവിശ്വാസം കൊണ്ട് സമാധാനം പ്രാപിച്ചു ഉറച്ചിരിക്കേ നിർബന്ധിക്കപ്പെട്ട ഒരുവൻ ഇതിൽനിന്ന് ഒഴിവാണ്- നേരെമറിച്ച് തുറന്നഹൃദയത്തോടുകൂടിത്തന്നെ അവൻ സത്യത്തെ നിഷേധിച്ചാൽ അവരുടെമേൽ അല്ലാഹുവിന്റെ പക്കൽനിന്നുള്ള കോപമുണ്ട്. അവർക്ക് കഠിനമായ ശിക്ഷയുമുണ്ടാകുന്നതാണ്.” (*16:106*)

## നബിവചനം

“നിങ്ങൾക്ക് ഒരിക്കലും നിങ്ങളുടെ ധനം കൊണ്ട് ജനങ്ങളെ സമ്പന്നരാക്കാൻ സാധിക്കുകയില്ല. അതിനാൽ പ്രസന്നമുഖംകൊണ്ടും സൽസ്വഭാവം കൊണ്ടും നിങ്ങളവരെ സമ്പന്നരാക്കുക.”

(*രിസാല ഖുശരിയ്യ*)

## യുഗശബ്ദം



അല്ലയോ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരെ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ. ഇന്ന് നിങ്ങൾ വളരെ കുറച്ചുപേരാണ്. നിങ്ങൾ നിന്ദാദൃഷ്ടിയോടെ വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ ഒരു പരീക്ഷണഘട്ടത്തെ തരണംചെയ്തുകൊണ്ടിരിക്കുകയാണ്. പണ്ടുപണ്ടേ നടന്നുപോന്ന അല്ലാഹുവിന്റെ ഒരു സുന്നത്തനുസരിച്ചുള്ളതാണിത്. നിങ്ങൾ തോറ്റുപോകുന്നതിന് എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള ശ്രമങ്ങളുണ്ടാകും. നിങ്ങൾ എല്ലാ പ്രകാരത്തിലും ഭത്സിക്കപ്പെടുകയും പലവിധങ്ങളായ ദുർഭാഷണങ്ങൾ നിങ്ങൾക്ക് കേൾക്കേണ്ടിവരികയും ചെയ്യും. നാവുകൊണ്ടോ കൈകൊണ്ടോ നിങ്ങളെ ദുഃഖിപ്പിക്കുന്ന ഓരോ ആളും തങ്ങൾ ഇസ്ലാമിനെ സഹായിക്കുകയാണെന്ന് കരുതും. ദൈവികമായ ചില പരീക്ഷണങ്ങളും നിങ്ങളുടെമേൽ വരും. എല്ലാതരത്തിലും നിങ്ങൾ പരീക്ഷിക്കപ്പെടാൻ വേണ്ടിതന്നെ. ആകയാൽ നിങ്ങൾ വിജയശ്രീലാളിതനായിത്തീരുന്നത് നിങ്ങൾ ശുഷ്ക്കമായ തർക്കവിതർക്കങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടോ, പരിഹാസതതിനുപകരം പരിഹാസവാക്കുകൾ പ്രയോഗിക്കുന്നതുകൊണ്ടോ അല്ലെന്ന് മനസ്സിലാക്കിക്കൊൾവിൻ. നിങ്ങൾ ഈ വഴിയാണ് സ്വീകരിക്കുന്നതെങ്കിൽ നിങ്ങളുടെ ഹൃദയം കടുത്തുപോകും. അപ്പോൾ വിവാദങ്ങൾ മാത്രമേ നിങ്ങൾക്കുണ്ടാവുകയുള്ളൂ. അല്ലാഹു അതിനെ അനിഷ്ടപ്പെടുന്നു. അവൻ അതിനെ അനഭിലഷണീയമായ ദൃഷ്ടികളോടെ കാണുന്നു. ആകയാൽ ഒരുഭാഗത്ത് സൃഷ്ടികളുടേയും മറുഭാഗത്ത് ദൈവത്തിന്റേയും ശാപങ്ങൾ വാരിക്കൂട്ടും വിധം നിങ്ങൾ അപ്രകാരം ചെയ്യാതിരിക്കേണ്ടതാണ്.

ദൈവം നിങ്ങളെ നഷ്ടത്തിലാക്കുമെന്ന് നിങ്ങൾ നിമിഷനേരംപോലും വിചാരിച്ചുപോകല്ലാ. നിങ്ങൾ ദൈവത്തിന്റെ കയ്യാൽ നഷ്ടപ്പെട്ട ബീജമാകുന്നു. ഈ ബീജം മുളക്കുകയും വളരുകയും നാനാഭാഗങ്ങളിലും ശാഖകളായി ഒരു വൻവൃക്ഷമായി തീരുകയും ചെയ്യുമെന്ന് അല്ലാഹു പറയുന്നു. ആകയാൽ ദൈവവിധിയിൽ വിശ്വാസം പുലർത്തുകയും ഇടയ്ക്കുവെച്ചുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവൻ അനുഗൃഹീതൻ. എന്തുകൊണ്ടെന്നാൽ പരീക്ഷണങ്ങൾ വരേണ്ടതും ആവശ്യമാകുന്നു. തങ്ങളുടെ ബയ്അത്തിൽ ആരാണോ സത്യവാന്മാരെന്നും ആരെല്ലാം കപടന്മാരെന്നും വേർതിരിക്കപ്പെടുന്നതിനു വേണ്ടിതന്നെ. പരീക്ഷണങ്ങളിൽ ഇടറിപ്പോകുന്നവൻ അല്ലാഹുവിന് ഏതും ഊനം വരുത്തുന്നില്ല ദുർഭാവന അവനെ നരകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യും. അവൻ ജനിച്ചില്ലായിരുന്നുവെങ്കിൽ ഹാ എത്ര നന്ന്. അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവരാകട്ടെ ആപത്തുകളുടെ ഭൂകമ്പങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും വിപത്തുകളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും നിന്ദനങ്ങളും ഏൽക്കേണ്ടിവന്നാലും ലോകർ തങ്ങളോട് കഠിനമായ വെറുപ്പോടെ പെരുമാറിയാലും പിൻതിരിയാതെ ഒടുക്കം വിജയശ്രീലാളിതനായിത്തീരുന്നവനാകുന്നു. അനുഗ്രഹങ്ങളുടെ വാതിലുകൾ അവർക്കായി തുറന്നിടപ്പെടും. (*റൂഹാനി ഖസായീൽ*)

*ചരിത്രരേഖകൾ.........................*

*സമ്പാ: ടി. ശറഫുദ്ദീൻ*

# ഒരു വിശേഷ അറീപ്പ്

**1925 ൽ കണ്ണൂരിലെ അഹ്മദിയ്യാ ജമാഅത്ത് പുറത്തിറക്കിയ ഒരു നോട്ടീസ്..........**

അറക്കൽ കുഞ്ഞമ്മത് മൗലവി എന്നയാൾക്ക്:-

നിങ്ങൾ ഈ അക്ടോബർ 27-ാം തീയതി ‘‘തെമ്പീഹുൽ മുസ്ലിമീൻ’’ എന്ന തലക്കെട്ടിൽ കോഴിക്കോട്ടു നിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു നോട്ടീസ്സ് ഒരു സ്നേഹിതൻ അയച്ചു തന്നത് ഞാൻ കാണുകയുണ്ടായി. അതിൽ, 1912 ഡിസമ്പർ 16-ാം തീയതി “അഹ്മദിയ സംഘക്കാരായ കണ്ണൂർ നഗരത്തിലെ പ്രധാനികൾക്ക് ഒരു റജിസ്റ്റർ നോട്ടീസ്സയച്ചു അവരെ ഒരു വാദപ്രതിവാദത്തിനായി നിങ്ങൾ ക്ഷണിക്കുകയുണ്ടായെന്നു കാണുന്നു. അന്ന് കണ്ണൂരിലുണ്ടായിരുന്ന ആരോ ഒരു അഹ്മദിയുടെപേരിൽ നിങ്ങൾ അങ്ങനെയൊരു നോട്ടീസ്സയച്ചിട്ടുണ്ടായിരിക്കാം. എന്നാൽ, ഇന്നു കണ്ണൂർ നഗരത്തിലുള്ള അഹ്മദിയ്യാസംഘത്തിൽ ആർക്കും അതിനെപ്പറ്റി അറിവില്ല.

അഹ്മദീമുസ്ലിമീങ്ങൾ കാഫിറും മുർത്തദ്ദുമാണെന്നു വെറും “ഉണ്ടയില്ലാവെടി” കളിളക്കിവിട്ടു ഒരു വക പാമരജനങ്ങളെ പക്ഷേ കബളിപ്പിക്കാമെന്നല്ലാതെ, അങ്ങിനെ തെളിയുക്കുവാൻ നിങ്ങളേക്കാൾ എത്രയോ മടങ്ങു പഠിപ്പും ചൊടിപ്പുമുണ്ടെന്നു നടിച്ചു “ജൽവത്തിൽ ഇരിക്കുന്ന ഉത്തരേന്ത്യാ മുസ്ലിയാന്മാർക്കുകൂടി കഴിയാതിരിക്കെ, ഇപ്പോൾ കൊച്ചി ‘‘ഖൽവത്തിൽ ഇരിക്കും’’ നിങ്ങൾ അതിന്നു ഒരുങ്ങുന്നതു ഒരുതരം വേണ്ടില്ല തന്നെ! എന്നാൽ “അഹ്ലുസ്സുന്നിയാക്കളാണഞമ്മ”ളെന്നു വൃഥാഭിമാനം ഭാവിക്കുന്ന നിങ്ങളുടെ വർഗ്ഗക്കാർ അതായത് മുസലിയാർ വർഗ്ഗം തമ്മിൽ തമ്മിൽതന്നെ ‘‘കാഫിർപ്പട്ടം’’ കെട്ടിയും കെട്ടിച്ചും തീരുന്നതിനു മുമ്പായിട്ടു അതിന്നു പുറത്തുചാടി അന്യർക്ക് “സ്ഥാനമാനങ്ങൾ” നൽകുവാൻ പുറപ്പെടുന്നതു അനുചിതമാണെന്നതു നിങ്ങൾ മനസ്സിലാക്കിയില്ലെങ്കിലും, അതു ഒരു കൂലിയില്ല, വീൺവേലയാണെന്നു ഇതുവരേ അറിഞ്ഞിട്ടില്ലേ? അഥവാ, ചെറുമുസലിയാന്മാരും പെരുമുസലിയാന്മാരും ചേർന്നുള്ള നിങ്ങളുടെ മുസലിയാർ സമാജത്തിൽ ഒവ്വൊരുവരെ അന്യോന്യം കെട്ടിയിട്ടിരിക്കുന്ന ആ ‘‘കാഫിർപാശ’ത്തിൽ നിന്നു നിങ്ങൾതന്നെ ഒന്നാമതായി വിമുക്തരായതിനു ശേഷം മറ്റുള്ളവരെ കെട്ടിയിടുവാൻ തുടങ്ങുകയാണെങ്കിൽ തരക്കേടില്ല. എന്നാൽ, കാഫിറാകലും കാഫിറാക്കലും മുസലിയാർ സമാജം പണ്ടേക്കുപണ്ടേ അലംഘനീയമായി ആചരിച്ചുവരുന്ന ഒരു പൂർവ്വസമ്പ്രദായമാണെന്നും ആ മതാചാരം ഇന്നും അവരുടെ ഇടയിൽ പ്രചാരത്തിൽതന്നെയിരിക്കുന്നുണ്ടെന്നുമുള്ള വസ്തുത ഏവർക്കും അറിയാവുന്നതാണ്. അതിനെ, “ഇസ്ലാമിക പ്രബോധനം” എന്ന തലവാചകത്തിൽ ഇക്കഴിഞ്ഞ അക്ടോബർ 23-ാം തീയതി ഞങ്ങൾ കണ്ണൂരിൽനിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരസ്യത്തിൽ ചൂണ്ടിക്കാണിക്കുന്നു. കാഫിറാക്കലിന്നു എത്രമാത്രം വിലയുണ്ടെന്ന് ബുദ്ധിമാന്മാർക്കൊക്കെയറിയാം.

ഞങ്ങളുടെ പഞ്ചാബീമൗലവിമാർ കോഴിക്കോട്ടുവെച്ച് പ്രസംഗിച്ചയവസരത്തിൽ നിങ്ങളും അവിടെ എവിടേയോവെച്ചു അഹ്മദിയ്യാസിദ്ധാന്തങ്ങളെ ഖണ്ഡിച്ചുകൊണ്ടു പ്രസംഗിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ, നിങ്ങൾ ഞങ്ങളുടെ സിദ്ധാന്തങ്ങളെ പാടെ ഖണ്ഡിച്ചുകൊണ്ടു പ്രസംഗിച്ചുവെന്നു പറയുന്ന അന്നേദിവസം ഞങ്ങളുടെ പ്രസംഗസ്ഥലത്ത് തലേദിവസമുണ്ടായിരുന്നതിനേക്കാൾ ജനക്കൂട്ടം വർദ്ധിച്ചുകാണപ്പെട്ടതു, നിങ്ങളുടെ ആ ‘‘ഖണ്ഡനപ്രസംഗ”ത്തിന്റെ ഫലമായിരിക്കാം.

ഇക്കഴിഞ്ഞ അക്ടോബർ 27-ാം തീയതി കോഴിക്കോട്ടു നോർമ്മൻപ്രിന്റിങ്ങ് അച്ചുക്കൂടത്തിൽനിന്ന് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന നിങ്ങളുടെ ആ ‘തെമ്പീഹുൽമുസ്ലിമീൻ’ എന്ന നോട്ടീസ്സിൽ, “ഇന്ന് 26-ാം തീയതി ഞാൻ കണ്ണൂർ നഗരത്തിൽ പ്രസംഗിപ്പാൻ പോകുന്നു. 27-ാം തീയതി റബ്ബു അനുഗ്രഹം ചെയ്തു കോഴിക്കോട്ടു മടങ്ങിവന്നു കുറ്റിച്ചിറയ്ക്കടുത്തുവെച്ച് പ്രസംഗിച്ച അഹ്മദിയ്യാ മതത്തെയും മീർസാസാഹിബിന്റെ സർവ്വ വാദങ്ങളെയും ഖണ്ഡിച്ചു പ്രസംഗിക്കുന്നതാണെന്നും, അഹ്മദിയ്യാക്കാളായ മൗലവിമാരോ ഉപദേഷ്ടാക്കളോ അതിനെ ഖണ്ഡിപ്പാനൊരുക്കമാണെങ്കിൽ ടി സ്ഥലത്തോ മറ്റു വല്ല സ്ഥലത്തോ ഹാജരായി രേഖാ അറിയിക്കണമെന്നു ഇതിനാൽ അഹ്മദിയ്യാ സംഘക്കാരേയും അറിയിക്കുന്നു’’ എന്നു എഴുതിയിരിക്കുന്ന നിങ്ങളെപ്പറ്റി ഞങ്ങൾ എന്തുപറയട്ടെ! 1925 അക്ടോബർ 27-ാം തീയതി കോഴിക്കോട്ടു നിന്നു അച്ചടിച്ചു പരസ്യം ചെയ്ത ഒരു നോട്ടീസിൽ, അതേമാസം 26-ാം തീയതി താൻ കണ്ണൂർ നഗരത്തിൽ പ്രസംഗിപ്പാൻ പോകുന്നുവെന്നും 27-ാം തീയതി കോഴിക്കോട്ടു മടങ്ങിയെത്തുമെന്നും, അപ്പോൾ അഹ്മദിയ്യാക്കൾ അവിടെ എവിടെയെങ്കിലും ഹാജരായി തന്നെ ബോദ്ധ്യപ്പെടുത്തണമെന്നുംമറ്റും പറയുന്നയാൾ ഒരു ‘അസാധാരണൻ’ തന്നെയാണെന്നുള്ളതിൽ സംശയമില്ല! എന്നാൽ, അതു നിങ്ങൾക്കുമാത്രം “കടക്കാനിട്ട ഒരു പാലം’’ ആയിരിക്കാം! ഇങ്ങനെ മനുഷ്യബുദ്ധിക്കു ഗോചരമല്ലാത്ത ഒരു തീയതി നിശ്ചയിപ്പും പുറപ്പാടും നിങ്ങൾക്കല്ലാതെ മറ്റാർക്കും ഉപകാരപ്രദമല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. അതുമല്ല, അക്ടോബർ 27-ാം തീയതി പ്രസിദ്ധപ്പെടുത്തിയ നോട്ടീസ്സനുസരിച്ചു അതേമാസം 26-ാം തീയതി നിങ്ങൾ കണ്ണൂരിൽവന്നു പ്രസംഗിച്ചതായും അറിയുന്നില്ല! അഹ്മദിയ്യാ സിദ്ധാന്തങ്ങളെ ഖണ്ഡിപ്പാനായി പ്രത്യേകം ഗണിച്ചെടുത്ത ഒരു തീയതിയും പുറപ്പാടുമായിരിക്കാം അത്!!!

എങ്ങിനെയും, ‘‘അഹ്മദിയ്യാ മതത്തെയും മീർസാസാഹിബിന്റെ സർവ്വ വാദങ്ങളെയും’’ ഖണ്ഡിപ്പാനായിട്ടാണു നിങ്ങളുടെ ഒരുക്കമെന്നറിയുന്നതിനാൽ, ഇസ്ലാം മതത്തെയും ഇസ്ലാമിക സിദ്ധാന്തങ്ങളെയും ഖണ്ഡിപ്പാനായിരിക്കാം നിങ്ങൾ പുറപ്പെടുന്നതെന്നു ഞങ്ങൾ ശങ്കിക്കുന്നു. അങ്ങനെയാണെങ്കിൽ, നിങ്ങളുടെ മതം ഇന്നതാണെന്നു മുൻകൂട്ടി അറിഞ്ഞാൽ കൊള്ളാമായിരുന്നു. ഞങ്ങൾ അവലംബിച്ചിരിക്കുന്നതു റസൂൽക്കരീം(സ) തിരുമേനിയും പ്രിയസഹചരന്മാരും ആചരിച്ചിരുന്ന ആ വിശുദ്ധ ഇസ്ലാം ഒന്നല്ലാതെ മറ്റൊന്നല്ല. അഹ്മദിയ്യാക്കളുടെ മതം എന്താണെന്നുകൂടി വിവരമില്ലാത്ത ഒരാൾ അഹ്മദിയ്യാമതഖണ്ഡനത്തിനു പുറപ്പെട്ടതു അത്യാശ്ചര്യം തന്നെ! മീർസാസാഹിബിന്റെ സർവ്വ വാദങ്ങളെയും ഖണ്ഡിപ്പാനാണൊരുക്കമെങ്കിൽ, ദൈവം ഏകനാണെന്നും, വിശുദ്ധഖുർആൻ ആ ദൈവത്തിന്റെ പരിശുദ്ധ വചനമാണെന്നും, മുഹമ്മദ് (സ)പ്രവാചകന്മാർക്കെല്ലാം പ്രഭുവാണെന്നും, ഇസ്ലാം മതമൊന്നുമാത്രമാണ് ഇന്ന് ലോകത്തിൽ സത്യമതമെന്നും മറ്റുമുള്ള മീർസാസാഹിബിന്റെ ആ വാദങ്ങളെ നിങ്ങൾ ഖണ്ഡിക്കുന്നപക്ഷം, അദ്ദേഹം തന്റെ ‘‘ബറാഹീനെ അഹ്മദിയ്യാ”യിൽ നിശ്ചയിച്ചിട്ടുള്ള ആ പതിനായിരം രൂപ നിങ്ങൾക്കു സമ്മാനം കിട്ടുമെന്നുള്ളതിൽ സംശയിക്കുകയേവേണ്ട. ഇത്ര വലുതായ ഒരു സമ്മാനം കിട്ടുന്ന ഒരു കാര്യത്തെ നിങ്ങൾ കൈവിട്ടുകളയില്ലെന്നു വിചാരിക്കുന്നു! പിന്നെ നിങ്ങളുടെ ഇഷ്ടം!!

എന്തായാലും നിങ്ങളുടെ നോട്ടീസ്സിൽ പറയുന്ന പ്രകാരം നിങ്ങൾ അഹ്മദിയ്യാ പണ്ഡിതന്മാരുമായി ഒരു വാദപ്രതിവാദത്തിനു സന്നദ്ധരാണെങ്കിൽ, കണ്ണൂർ നഗരത്തിൽ പൊന്മാണിച്ചി പാണ്ടികശാലയിൽവെച്ചു അങ്ങനെയൊന്നു നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ഞങ്ങൾ ചെയ്യുന്നതാണ്. ആ വിവരം കത്തുമൂലം ഞങ്ങളെ അറിയിക്കുന്നതായാൽ അതിലേക്കു അനുവദിച്ചിട്ടുള്ള ഒരു ദിവസവും അതിനുപുറമെ നിബന്ധനകളും അറിയിച്ചുതരുവാൻ ഞങ്ങൾ സന്നദ്ധരാണെന്നു ഇതിനാൽ നിങ്ങളെയും പൊതുജനങ്ങളെയും അറിയിച്ചുകൊള്ളുന്നു.

കണ്ണൂർ,
1-11-25.

എന്ന്
സിക്രട്ടറി,
മലബാർ അഹ്മദിയ്യാ സംഘം.
ഇമ്പീരിയൽ അച്ചുക്കൂടം,
കണ്ണൂർ.

*(4-ാം പേജിൽനിന്ന്)*

സഭയ്ക്കാവുന്നില്ല. ഇത്തരമൊരു സംവിധാനത്തിന്റെ അന്തസത്തതന്നെ ചോദ്യം ചെയ്യപ്പെടുകയാണ്.

ഇസ്റായേൽ ആക്രമണത്തിന്റെ ഇരകളിൽ മൂന്നിലൊരു പങ്കും കുട്ടികളാണ്. യു.എന്റെ മാനുഷിക ഏകോപനത്തിന്റെ ചുമതലയുള്ള ജാൻഎഗ് ലാൻഡ് ഒരു താൽക്കാലിക വെടിനിർത്തലിനായി ഇസ്റായേലിനോട് അഭ്യർത്ഥിച്ചിരുന്നു. ശവങ്ങളും, മുറിവേറ്റവരേയും യുദ്ധമുന്നണികളിൽ നിന്നും നീക്കം ചെയ്യാൻ ഈ ഇടവേള ആവശ്യമാണെന്ന് പറഞ്ഞു. എന്നാൽ ഈ ആവശ്യം നിരുപാധികം തള്ളിക്കളഞ്ഞു കൊണ്ട് ഇസ്റായേൽ നയം വ്യക്തമാക്കുന്നു. ഇത്തരം ഇടവേളകൾ ലഭിച്ചാൽ സാധാരണ ജനങ്ങളെ ചൂഷണം ചെയ്ത് പുതിയ മാനുഷിക മറകൾ ഗിസ്ബ് പണിതുയർത്തുമെന്ന് ഇസ്റായേൽ പ്രഖ്യാപിച്ചു. അതിനാൽ ബോംബിംഗ് തുടരുകതന്നെയാണ്.

പതിവുപോലെ ഇസ്റായേലിന്റെ കടന്നുകയറ്റത്തെ അപലപിക്കാനോ വ്യക്തമായ നടപടികൾ സ്വീകരിക്കാനോ അറബ് രാജ്യങ്ങൾക്കാവുന്നില്ല. ഇസ്ലാമികമെന്ന് എപ്പോഴും പറയുകയും ഇസ്ലാമികമല്ലാത്തതു മാത്രം പ്രവർത്തിക്കുകയും ചെയ്യുന്ന വിധേയന്മാരാണ് ഈ രാജ്യങ്ങൾ. ബേയ്റൂട്ടിലെ യൂണിവേഴ്സിറ്റി ക്യാംപസിൽ പോലും അഭയാർത്ഥികൾ നിറഞ്ഞിരിക്കുന്നു. ഇസ്റായേലിന്റെ മനുഷ്യക്കുരുതിയിൽ ഒട്ടേറെ കുടുംബങ്ങൾ ശിഥിലമായിക്കഴിഞ്ഞു. മിക്ക ഗ്രാമങ്ങളിലും ഭൂരിഭാഗം കെട്ടിടങ്ങളും തകർന്ന് തരിപ്പണമായി. അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകിച്ച് വാർത്താവിനിമയോപാധികൾ നാമാവശേഷമായിക്കഴിഞ്ഞു. ഇനി വെടിനിർത്തൽ ഉണ്ടായാൽ പോലും വർഷങ്ങൾ വേണ്ടിവരുന്ന പുനർനിർമ്മാണം ലബനിൽ ആവശ്യമാണ്. ദുരന്തങ്ങളുടെ വലിയ കഥകളാണ് ഈ ജനത പറയുന്നത്. ചിന്താശൂന്യമായ നേതാക്കളും, ഇസ്ലാമിനെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ച് ജിഹാദിനൊരുങ്ങുന്ന പുരോഹിതവർഗ്ഗവും ഈ ഗതികേടിന്റെ മുഖ്യ ഉത്തരവാദികളാണ്.

പിന്നിട്ട നാളുകൾ

# മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്

(തയ്യാറാക്കിയത്: ശംസുദ്ദീൻ)

യുവാവായിരിക്കുമ്പോൾ രാഷ്ട്രീയത്തിലും മറ്റുമായി ആലപ്പുഴയിൽ ചുറ്റിക്കറങ്ങി നടന്ന മുഹമ്മദ് ഇസ്മായിൽ സാഹിബ് അഹ്മദിയ്യാ ജമാഅത്തിലെത്തിയതും പിന്നീട് ജമാഅത്തിന്റെ മുബല്ലിഗായതും തികച്ചും യാദൃശ്ചികമാണ്. പിതാവിന് ആലപ്പുഴയിലെ ഒരു ഓയിൽ മില്ലിലായിരുന്നു ജോലി. അതിന്റെ ഉടമ മമ്മ മുതലാളി മരിച്ചതോടുകൂടി പിതാവിന് അവിടെയുണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെട്ടു. മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളുമടങ്ങുന്ന വലിയ കുടുംബത്തെ പോറ്റുന്നതിനായി പിതാവ് ഒരു പാര വാങ്ങി തേങ്ങ പൊതിക്കുന്ന പണിക്കിറങ്ങി. വീട്ടിൽ പട്ടിണി കയറിയപ്പോൾ മകൻ ഇസ്മായിലും പല ജോലികളും ചെയ്തു. ഒപ്പം പഠനവും. മദ്രസ്സ വിദ്യാഭ്യാസം നേരത്തേതന്നെ നിറുത്തേണ്ടിവന്നിട്ടുണ്ടായിരുന്നു. അതിനൊരു കാരണമുണ്ട്. ഒരു ദിവസം മദ്രസയിലെ മൊല്ലാക്ക ഇസ്മായീലിനെ അടിച്ചു, ചൂരലിന്റെ അറ്റം നെഞ്ചത്തുകൊണ്ട് തൊലി അല്പം പൊട്ടി. അടിയുടെ വേദന മനസ്സിൽ വിങ്ങലുണ്ടാക്കി. കാര്യം പറയുന്നതിന് ഉപ്പയുടെ അടുത്തേക്കോടി. പക്ഷെ, കണ്ടില്ല. വീട്ടിലെത്തി ഉമ്മയോടു പറഞ്ഞു. ഉമ്മ വിവരം ഉപ്പയെ അറിയിച്ചു. അദ്ദേഹം ഉടനെ തന്നെ മദ്രസയിലെത്തി. മൊല്ലാക്കയെ വിളിച്ചിറക്കി വഴക്കു പറഞ്ഞു. ബഹളമായി. വിവരം പ്രദേശമാകെ അറിഞ്ഞു. മദ്രസയുടെ പരിസരവാസികളായ മുസ്‌ലിംകൾ മൊല്ലാക്കയുടെ ഒപ്പം കൂടി. അതോടെ മദ്രസയിലേക്കുള്ള പോക്കുനിർത്തി. ഇസ്മായിലിന്റെ മനസ്സിൽ മുസ്‌ലിംകളോട് ആകെ വെറുപ്പായി. അവരുമായുള്ള ബന്ധം തന്നെ ഇതോടെ ഇസ്മായിൽ മതിയാക്കി.

തിരുമല ദേവസ്വം ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് രാഷ്ട്രീയത്തിലെത്തിയത്. മുസ്‌ലിം ബന്ധം ഉപേക്ഷിച്ച ഇസ്മായിൽ രാഷ്ട്രീയത്തിൽ പുതിയ ബന്ധങ്ങൾ കണ്ടെത്തുകയായിരുന്നു. പ്രസ്തുത സ്കൂളിൽ സി.പി.ഐയുടെ വിദ്യാർത്ഥി പ്രസ്ഥാനമായ എ.ഐ.എസ്.എഫിന് രൂപം നൽകി. 1976-ൽ ചേർത്തല എസ്.എൻ. കോളേജിൽ എ.ഐ.എസ്.എഫ് രൂപീകരിച്ച് അതിന്റെ പ്രഥമ സെകട്ടറിയായി. ശ്രീ ബിനോയ് വിശ്വം അന്നവിടെ എ.ഐ.എസ്.എഫിന്റെ യൂനിറ്റ് രൂപീകരണത്തിന് എത്തിയിരുന്നു. നാട്ടിൽ എ.ഐ.വൈ.എഫിന്റെ ചുങ്കം യൂനിറ്റ് സെക്രട്ടറിയായതോടെ ഒരു തികഞ്ഞ രാഷ്ട്രീയക്കാരനായിമാറി.



1978-ൽ ഉപ്പ മരിച്ചതോടെ ഇസ്മായിൽ സാഹിബിന്റെ ജീവിതം താളപ്പിഴകളുടേതായി മാറി. വീട്ടിൽ വരുന്നതിനും പോകുന്നതിനും നിശ്ചിതസമയമില്ലാതായി. നാട്ടുകാരും ബന്ധുക്കളും യുവാവായ ഇസ്മായിലിനെ വെറുത്തു. ഇങ്ങനെ നാട്ടിലും വീട്ടിലും വെറുക്കപ്പെട്ടവനായി നടക്കുന്നതിനിടയിൽ ഒരു സുഹൃത്തിലൂടെ ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെട്ടു. വല്ലപ്പോഴും അവരുടെ പള്ളിയിൽ കയറി. ഓതാനറിയില്ലെങ്കിലും വല്ലപ്പോഴും നമസ്കരിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം ജമാഅത്തെഇസ്‌ലാമിക്കാരുടെ ഒരു യോഗം ശ്രവിക്കാനിടയായി. ദൈവാസ്തിക്യം എന്ന വിഷയമാണ് അവിടെ കേട്ടത്. അതിഷ്ടപ്പെട്ടു. വിഷയം മനസ്സിൽ തങ്ങിനിന്നു.

അനുജന്റെ പോക്കു കണ്ട് മനം നൊന്ത മൂത്തസഹോദരൻ ഒരു തീരുമാനമെടുത്തു. എങ്ങനെയെങ്കിലും അനുജനെ രക്ഷിക്കണം. അദ്ദേഹമുറച്ചു. ജേഷ്ഠൻ അഹ്മദിയ്യത്തിന്റെ ഒരു അനുഭാവിയായിക്കഴിഞ്ഞിരുന്നു. അദ്ദേഹം ഒരുപായം കണ്ടെത്തി. വായിച്ചുപഠിക്കാനായി അനുജൻ ഇസ്മായിലിന് ഒരു ഗ്രന്ഥം നൽകി. ഒപ്പം ഏതാനും വാക്കുകളും. ജേഷ്ഠൻ പറഞ്ഞു. ''ഇസ്മായിലേ, ഈ ഫോട്ടോയിൽ കാണുന്ന വ്യക്തി ഒരു നബിയാണെന്ന് വാദിച്ചയാളാണ്. മുസ്‌ലിംകൾ ഇദ്ദേഹത്തെ മതത്തിൽനിന്നും പുറത്താക്കിയിരിക്കുകയാണ്." ഇതു കേട്ട ഇസ്മായിലിന് ആവേശമായി. ആദ്യമേതന്നെ മുസ്‌ലിംവിരോധിയായ ഇസ്മായിൽ ഒരു തീരുമാനമെടുത്തു. "എന്നാൽ ഇദ്ദേഹത്തിന്റെ കൂടെ ഞാനുമുണ്ട്.'' സ്വയം പറഞ്ഞു. ഇസ്‌ലാമത തത്ത്വജ്ഞാനമായിരുന്നു നല്കപ്പെട്ട ഗ്രന്ഥം. അതു വായിക്കാനാരംഭിച്ചു. നേരത്തേ മനസ്സിൽ തങ്ങിയ ദൈവാസ്തിക്യം എന്ന വിഷയം തികട്ടിവന്നു. തത്വജ്ഞാനത്തിലെ പ്രതിപാദ്യവിഷയം നന്നേ ബോധിച്ചു. അറിയാതെ തന്നെ ഇസ്മായിൽ ഈ ഗ്രന്ഥത്തിന്റെ ഒരു സജീവ പ്രചാരകനായി മാറി.

ഇതിനിടയിൽ അഹ്മദിയ്യാ ജമാഅത്ത് 7 ദിവസത്തെ വിജ്ഞാന രാത്രികൾ നടത്തുന്നതായറിഞ്ഞു. ഏതായാലും മറ്റു പണികളില്ല. പ്രസംഗങ്ങൾ കേൾക്കാം. ഇസ്മായിൽ തീരുമാനിച്ചു. മൗലവിമാരായ അബുൽവഫാ സാഹിബ്, ഉണ്ണീൻകുട്ടി സാഹിബ്, അലവിസാഹിബ്, മുഹമ്മദ് യൂസുഫ് സാഹിബ് എന്നിവരാണ് പ്രാസംഗികർ. ഒരു രാത്രി അലവി സാഹിബിന്റെ പ്രഭാഷണം. വിഷയം ഇസ്‌ലാമിന്റെ വിജയവും ഈസാനബിയുടെ മരണവും. പ്രഭാഷണം ഇസ്മായിലിന് ഇഷ്ടമായി. തൊട്ടടുത്തദിവസം ഉമ്മാമയുടെ മരണം. അവിടേക്ക് പോകുമ്പോൾ സൈക്കിളിൽ പോകുന്ന ഒരു മനുഷ്യനെ ശ്രദ്ധിച്ചു. അഹ്മദിയ്യാ സ്റ്റേജിൽ കണ്ടയാൾ. ഇസ്മായിൽ സാഹിബും യാത്ര സൈക്കിളിലാണ്. ആലപ്പുഴയിൽ പൊതുവെ സൈക്കിൾ യാത്രികർ കൂടുതലാണ്. മൗലവി മുഹമ്മദ് യൂസുഫ് സാഹിബായിരുന്നു ആ വ്യക്തി. ഇസ്മായിൽ സാഹിബ് തന്റെ വാഹനത്തിന്റെ വേഗതകൂട്ടി. മൗലവി യൂസുഫ് സാഹിബിന്റെ മുന്നിലെത്തിനിന്നു. അദ്ദേഹത്തെ നോക്കിപ്പറഞ്ഞു. "അസ്സലാമുഅലൈക്കും'' ഇസ്മായിൽ തന്റെ ജീവിതത്തിലാദ്യമായാണ് സലാം പറയുന്നത്. സലാം മടക്കി വ അലൈക്കും മുസ്‌ലാം. അല്പം സംസാരിച്ചു. "എനിക്ക് നിങ്ങളുടെ പ്രഭാഷണങ്ങൾ ഇഷ്ടപ്പെട്ടു.'' മൗലവി സാഹിബിന് അതി

(ശേഷം 8-ാം പേജിൽ)

## ബംഗ്ലാദേശ്; അഹ്മദിയ്യാ വിരുദ്ധവാർത്ത അടിസ്ഥാനരഹിതം

(ദി ഡെയ്‌ലി സ്റ്റാർ എന്ന ദിനപത്രത്തിൽ വന്ന അഹ്മദിയ്യാ ജമാഅത്തിന്റെ പത്രക്കുറിപ്പ്)

ബംഗ്ലാദേശിൽ അഹ്മദിയ്യാ വിരുദ്ധശക്തികൾക്ക് കലാപം നയിക്കാൻ അഹ്മദിയ്യാ ജമാഅത്തുതന്നെ സാമ്പത്തികസഹായം നൽകുന്നുവെന്ന് ജൂലൈ 28-ാം തിയ്യതി ഒരു ബംഗ്ലാദിനപത്രത്തിൽ വന്ന വാർത്തയിൽ ജമാഅത്ത് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. വാർത്ത യുക്തിശൂന്യമാണെന്നും, സ്വന്തം അധ്വാനത്താൽ സ്വരൂപിക്കുന്ന പണം തങ്ങൾക്കെതിരെ തന്നെ ഉപയോഗിക്കുകയെന്നത് ആത്മഹത്യാപരമാണെന്നും ബക്ഷിബസാറിലെ ജമാഅത്ത് ഓഫീസിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ ജമാഅത്ത് ഭാരവാഹികൾ അറിയിച്ചു.

"അഹ്മദിയ്യാ ജമാഅത്തിന്റെ ഫണ്ട് മുഴുവൻ അംഗങ്ങളിൽ നിന്നു മാത്രം പിരിച്ചെടുക്കുന്നതാണെന്നും ഒരുതരത്തിലുള്ള ഫണ്ടോ, സംഭാവനയോ പുറത്തുനിന്നും സ്വീകരിക്കാറില്ലെന്നും പത്രക്കുറിപ്പ് വ്യക്തമാക്കി. ജമാഅത്ത് അംഗങ്ങൾ അവരുടെ വരുമാനത്തിലെ നല്ലൊരുഭാഗം ജമാഅത്തിന് നൽകുന്നത് വഴിയാണ് രാജ്യമെമ്പാടും മിഷണറി പ്രവർത്തനങ്ങൾ നടത്താനാവുന്നത്.

അഹ്മദികൾ അവർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ചൂണ്ടിക്കാണിച്ച് വിദേശങ്ങളിൽനിന്നും ഫണ്ട് പിരിക്കുന്നതായും ഇത് ബംഗ്ലാദേശിന്റെ സൽപേരിന് കളങ്കം വരുത്തി ഭീകരരാഷ്ട്രമാണെന്ന ദുഷ്പേരിന് കാരണമായിത്തീരുന്നുവെന്നും പത്രം റിപ്പോർട്ട് ചെയ്തിരുന്നു. ആധുനിക വാർത്താമാധ്യമങ്ങൾക്ക് ലോകത്താകമാനം നടക്കുന്ന അഹ്മദിയ്യാ വിരുദ്ധ അതിക്രമങ്ങളെക്കുറിച്ചുള്ള വാർത്തകൾ ശേഖരിക്കാനും പ്രസിദ്ധപ്പെടുത്താനും സ്വന്തം നിലക്കു തന്നെ കഴിയുമെന്നിരിക്കെ അതിനായി അഹ്മദികൾക്ക് ഒന്നും ചെയ്യേണ്ടിവരുന്നില്ലെന്ന് പത്രക്കുറിപ്പ് വ്യക്തമാക്കി. ജമാഅത്ത് ആക്ടിംഗ് അമീർ മുഹമ്മദ് സലാഹുദ്ദീൻ, ജനറൽ സിക്രട്ടറി കൗസർ അലി മുല്ലാഹ്, മിഷണറി ഇൻ ചാർജ്ജ് മുഹമ്മദ് അബ്ദുൾ അവ്വൽഖാൻ ചൗധരി തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

(3-ാം പേജിൽനിന്ന്)

ക്ഷിണ്യം കൊന്നൊടുക്കുന്നു. ചില പാശ്ചാത്യഭരണകൂടങ്ങൾ അവരെ സഹായിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് പിന്തുണ നല്കിക്കൊണ്ടിരിക്കുന്നു. എന്നിട്ട് സ്വന്തം അവകാശം പിടിച്ചെടുക്കാനും പ്രതിരോധിക്കാനുമാണ് യുദ്ധം ചെയ്യുന്നതെന്ന് വിളംബരപ്പെടുത്തുന്നു. ഇത് സ്വന്തം അവകാശം പിടിച്ചെടുക്കലല്ല. മറിച്ച് അന്യന്റെ അവകാശത്തെ തട്ടിപ്പറിച്ചെടുക്കലാണ്. അക്രമംകൊണ്ട് അന്തരീക്ഷത്തെ അന്ധകാരമയമാക്കിത്തീർക്കലാണ്. വെളിച്ചത്തെ ഇരുട്ടാക്കി മാറ്റലാണ്. സയ്ദ് ചെയ്ത കുറ്റം ബക്കറിന്റെ തലയിൽ കെട്ടിവെച്ച് അവന്റെ നിരപരാധികളായ ഭാര്യമാരേയും മക്കളേയും ഏങ്ങിയേങ്ങിയുള്ള കരച്ചിലിലും നെടുവീർപ്പിലും അകപ്പെടുത്തലാണ്. ഈ ഏങ്ങിയേങ്ങിയുള്ള കരച്ചിലുകളും നെടുവീർപ്പുകളും വ്യർത്ഥമായിപ്പൊയ് ക്കൊള്ളുമെന്ന തോന്നൽ കൊണ്ടാണ് നിങ്ങൾക്ക് പരലോകത്തെക്കുറിച്ച് ചിന്തയില്ലാത്തതെന്ന് അവരോട് പറയണം. എന്നാൽ, അങ്ങനെയല്ല. മർദ്ദിതരുടെ നെടുവീർപ്പുകൾ ഒരിക്കലും നിഷ്ഫലമായിപ്പോകുകയില്ലെന്നുള്ളത് ഞങ്ങളുടെ ദൃഢവിശ്വാസമാണ്. അതുകൊണ്ട് ഈ അതിക്രമങ്ങളിൽനിന്ന് നിങ്ങൾ പിന്തിരിയുക. നിങ്ങളുടെ പിടിവാശിയും അഹങ്കാരവും ഉപേക്ഷിക്കുക. ഈ അക്രമം ഒരിടത്ത് ഒതുങ്ങിനില്ക്കുകയില്ലെന്നും അത് മുഴുലോകത്തേയും തന്റെ പിടിയിലൊതുക്കുമെന്നും ഈ അക്രമങ്ങൾക്കെതിരെ കടുത്ത ശബ്ദം ഉയർത്തണമെന്നും ഓരോ അഹ്മദിയും തങ്ങളുടെ പരിസരവാസികളായ ഓരോരുത്തരോടും പറയേണ്ടതാണ്. നിങ്ങൾ ഉണർന്നു പ്രവർത്തിക്കുക. സത്യത്തോടൊപ്പം നില്ക്കുക. ന്യായമായത് പിടിച്ചെടുക്കുന്നതിനെക്കുറിച്ചും ന്യായപക്ഷത്തൂടെ നടക്കുന്നതിനെക്കുറിച്ചുമുള്ള പാഠങ്ങൾ ഞങ്ങൾ നിങ്ങൾക്കു പറഞ്ഞുതരാം.

ഇവിടെയിരിക്കുന്ന ആദരണീയരായ വ്യക്തികളോട് ഞാൻ പറയട്ടെ, ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കണമെങ്കിൽ സത്യത്തെ തിരിച്ചറിയുകയും സത്യത്തിലേക്ക് നയിക്കാൻ നിങ്ങൾ ക്കുള്ള സ്വാധീനവും കഴിവുമുപയോഗിച്ച് ഭരണകൂടങ്ങളെ ഈ ഭാഗത്തേക്ക് തിരിച്ചുവിടുകയും ചെയ്യുക. ന്യായമായതെടുക്കുന്നതിനേയും ന്യായപക്ഷത്തൂടെ നടക്കുന്നതിനെയും കുറിച്ചുള്ള പാഠം അല്ലാഹു വിശുദ്ധ ഖുർആനിൽ നല്കിയിട്ടുണ്ട്. അത് ഞങ്ങളിൽനിന്ന് പഠിക്കുക. ലോകം നീതിയുടേയും ശാന്തിയുടേയും അന്തരീക്ഷമാഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുക. ലോകത്ത് സമാധാനം സ്ഥാപിക്കാനായി ന്യായമായതെടുക്കാനും ന്യായമായത് കൊടുക്കാനും നമുക്ക് പറയേണ്ടതായിവരും. മുസ്‌ലിംകളോട് പറയുക: അല്ലയോ മുസ്‌ലിംകളേ! നിങ്ങളും ഈ മുഹമ്മദീ മസീഹിന്റെ കാല്പാദങ്ങളിലേക്ക് വരിക. പാശ്ചാത്യനാടുകളിൽ വസിക്കുന്നവരേ, വിവിധ മതങ്ങളുടെ അനുയായികളേ, നിങ്ങളും നബി(സ)തിരുമേനിയുടെ ഈ സത്യവാനായ പ്രേമിയുടെ സന്ദേശത്തെ സശ്രദ്ധം കേൾക്കുക. ആ മഹാത്മാവ് പറയുന്നത് അനുസരിക്കുക."

ഇതാണ് അഹ്മദികളുടെ ജോലി. ഈ ദീനീപരമായ പരിപാടികൾ പഠിക്കുന്നതിനായി, ഓരോ അഹ്മദിയും തങ്ങളുടെ മതപരമായ അറിവിലും വർദ്ധനവുണ്ടാക്കേണ്ടതാണ്. ധനവും സമയവും ത്യാഗം ചെയ്യുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ ആത്മീയതയുടെ നിലവാരവും മെച്ചപ്പെടുത്തേണ്ടതാണ്. പരലോകത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് അല്ലാഹുവിനെ ശരിയായരീതിയിൽ ആരാധിക്കുന്നവരും ആയിത്തീരേണ്ടതാണ്.

## സൗത്ത് ഇലാഖാ അത്ഫാൽ- ഖുദ്ദാം ഇജ്തിമാഅ് ആഗസ്റ്റ് 12, 13 തിയ്യതികളിൽ

തെക്കൻ മേഖല മജ്‌ലിസ് അത്ഫാൽ-ഖുദ്ദാം സംയുക്ത ഇജ്തിമാഅ് ആഗസ്റ്റ് 12, 13 തിയ്യതികളിൽ എറണാകുളത്തുവെച്ച് നടക്കും. ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സദ്ർ ജനാബ് ഷുഐബ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യും. എറണാകുളം മേഖലാ അഹ്മദിയ്യാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ഉത്ബോധന പ്രസംഗം നടത്തും. നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖലാ സയീം ജ: സജിദ് പടിയത്ത് സാഹിബ് എന്നിവർ ആശംസകളർപ്പിക്കുന്നതാണ്. തുടർന്ന് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ. (ഖിലാഫത്ത് ജൂബിലിയും നമ്മുടെ കടമകളും), മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് എച്ച്.എ(ഇസ്‌ലാമിക വൈവാഹിക ജീവിതം), മൗലവി അമീൻ മുഹമ്മദ് സാഹിബ് (സഹാബത്ത് ചരിത്രം), മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ് എച്ച്.എ (ഖാദിമീങ്ങളോടുള്ള ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശങ്ങൾ), മൗലവി മൻസിൽ സാഹിബ് (അത്ഫാലുൽ അഹ്മദിയ്യാ ഒരു മാതൃകാ ബാലസംഘം) എന്നിവരുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ആഗസ്റ്റ് 13 ഞായറാഴ്ച രാവിലെ 'ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) വിമർശനങ്ങളും വസ്തുതകളും' എന്ന വിഷയത്തെക്കുറിച്ച് ഒരു ചർച്ചാവേദിയും സംഘടിപ്പിച്ചിട്ടുണ്ട്. അത്ഫാലുകൾക്കും ഖാദിമീങ്ങൾക്കും വിവിധ വൈജ്ഞാനിക മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. 13-ാം തിയ്യതി ഉച്ചക്ക് ശേഷം നടക്കുന്ന സമാപന സമ്മേളനത്തോടെ ഇജ്തിമാഅ് സമാപിക്കും.

(7-ാം പേജിൽനിന്ന്)

യായ സന്തോഷം. ആലപ്പുഴയിൽ തങ്ങളുടെ പ്രസംഗങ്ങൾക്ക് ഫലമുണ്ടായിരിക്കുന്നു. അതും ഒരു യുവാവിന്റെ രൂപത്തിൽ. പള്ളിയിലേക്ക് ക്ഷണിക്കപ്പെട്ടു. മയ്യത്ത് എടുത്തതിനുശേഷം വരാമെന്ന വാഗ്ദാനം നൽകി ഇസ്മായിൽ യാത്ര തുടർന്നു.

ഉച്ചക്കുശേഷം ഇസ്മായിൽ സാഹിബ് അഹ്മദിയ്യാ പള്ളിയിലെത്തി ഒരു ചെറിയ പള്ളി. പനമ്പ് കൊണ്ട് മറച്ച ഒരു ഷെഡ്. തന്റെ സൈക്കിൾ നനയാതിരിക്കാൻ ഒരുഭാഗത്ത് ഒതുക്കിവച്ചു. പള്ളിയുടെ വാതിൽക്കലെത്തി അകത്തേക്കു നോക്കി. രണ്ടുമൂന്നുപേർ ഇരിക്കുന്നു. ബനിയനും മുണ്ടും ധരിച്ച് തലയിൽ തോർത്ത് കെട്ടിയ നിലയിൽ ഒരു വയസ്സൻ ഒരു കട്ടിലിൽ ഇരിക്കുന്നു. വാതിൽക്കലിൽനിന്നും നീട്ടിപ്പറഞ്ഞു. "അസ്സലാമു അലൈക്കും.'' ജീവിതത്തിലെ രണ്ടാമത്തെ സലാം. പൊടുന്നനെ പ്രതീക്ഷിച്ചിരുന്ന ആൾ വന്നെത്തിയതുപോലെ കട്ടിലിൽ ഇരുന്ന മനുഷ്യൻ ഓടിവന്നു. സലാം മടക്കി. കരംഗ്രഹിച്ച് അകത്തേക്കു ക്ഷണിച്ചു. മൗലവി അലവി സാഹിബായിരുന്നു ആ വ്യക്തി. കുറേനേരം സംസാരിച്ചു. അവസാനം ബയ്അത്ത് ചെയ്യാമെന്നായി. അതിന്നായി ഒരു നിബന്ധനമാത്രം. ഇസ്മായിൽ പറഞ്ഞു. "മറ്റാരുമുണ്ടാകരുത്. ഞാനും നിങ്ങളും മാത്രം.'' 1979-ൽ ഒരു ജുമുആ നമസ്കാരത്തിനുശേഷം ബയ്അത്ത് വാചകം ചൊല്ലി അഹ്മദിയായി. തിരിച്ച് വീട്ടിലെത്തി. ഇസ്മായിൽ സാഹിബ് അത് കണ്ടിട്ടുണ്ട്. വീടിന്റെ ഉത്തരത്തിൽ ഒരു തുണിക്കെട്ട്. അതിൽ ഖുർആനാണെന്നറിയാം. അത് ഇറക്കി. ഉമ്മയിൽ നിന്നും അക്ഷരങ്ങൾ വശത്താക്കി പള്ളിയിലെത്തി. അലവി മൗലവി സാഹിബ് ഖുർആൻ പഠിപ്പിക്കാമെന്നേറ്റിരുന്നു. ഏതാനും നാളുകൾക്കു ശേഷം മൗലവി സാഹിബുമൊത്ത് കരുനാഗപ്പള്ളിയിലെത്തി. ഖുർആൻ പഠനം അവിടെ തുടർന്നു.

ഇതിനിടെ ഇസ്മായിൽ അഹ്മദിയായ വാർത്ത പരന്നു. അതുവരെ ഇസ്മായിലിനെ വേണ്ടാതിരുന്ന മൗലവിമാരും പള്ളിക്കമ്മറ്റിയും ഉഷാറായി. അവർക്കൊക്കെ പക്ഷേ യുവാവായ ഇസ്മായിലിനെ ഭയമായിരുന്നു. പള്ളി സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സംഘം വീട്ടിലെത്തി ഉമ്മയോട് ആവലാതി പറഞ്ഞു. "നിങ്ങളുടെ മകൻ കാഫിറായിരിക്കുന്നു. അവനിപ്പോൾ ഖാദിയാനികളുടെ കൂടെയാണ്." ഉമ്മ മറുപടി പറഞ്ഞു. ''ഏതായാലും അവനിപ്പോൾ നന്നായിട്ടുണ്ട്. അതുകൊണ്ട് അവനെ വിട്ടേക്ക്." അവർ മടങ്ങി.

1979 ജൂലൈയിൽ ഖാദിയാനിലെത്തി. അലവി മൗലവി സാഹിബാണ് ഖാദിയാനിൽ പ്രവേശനം തരപ്പെടുത്തിയത്. പഠനകാലത്ത് വഖ്ഫെ ആർസി പ്രകാരം ഉത്തർപ്രദേശിലെ നംഗലഗനുവിലെത്തി ജമാഅത്തിനുവേണ്ടി പ്രവർത്തിച്ചു. 1987-ൽ മുബല്ലിഗായി ആദ്യനിയമനം ലഭിച്ചു. എറണാകുളത്ത്. ഉടനെ പഴയങ്ങാടിയിലെത്തി ഖുർആൻ പരിഭാഷയിൽ മൗലവി അബുൽവഫാ സാഹിബിന്റെ സഹായിയായി.

മൗലവി ഇസ്മായിൽ സാഹിബ് ഇപ്പോൾ സത്യദൂതന്റെ എഡിറ്ററാണ്. ഖാദിയാനിൽ പഠിക്കുമ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യാ ഓഫീസ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിലെ അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങളുടെ റിവ്യൂകമ്മറ്റി അധ്യക്ഷനാണ് മൗലവി സാഹിബ്. 2000 മുതൽ കാലത്തിന്റെ ഖലീഫയുടെ ഖുത്ബകൾ പരിഭാഷപ്പെടുത്തി വരുന്നു. ഖാദിയാൻ ജൽസയിൽ പ്രസംഗങ്ങൾ നടത്തിയ മൗലവി സാഹിബിനെ ഈ രംഗത്ത് എത്തിച്ചത് മൗലവി മുഹമ്മദ് യൂസുഫ് സാഹിബാണ്. എഴുത്തിന് പ്രചോദനം നൽകിയത് മൗലവി അബുൽവഫാ സാഹിബും. എൻ. അബ്ദുർ റഹീം സാഹിബിന്റെ കീഴിൽ സത്യദൂതൻ അസി.എഡിറ്ററായി പ്രവർത്തിച്ചത് തന്നെ ഏറെ സഹായിച്ചെന്ന് അദ്ദേഹം സ്മരിക്കുന്നു.

# സൗദി ഭരണകൂടം വിമർശിക്കപ്പെടുന്നു

സൗദി ഭരണകൂടത്തിനെതിരായ ചില ആരോപണങ്ങൾ സുപ്രസിദ്ധ ഗ്രന്ഥകാരനായ ഡേവിഡ് ലിവിങ്സ്റ്റൻ നിരത്തുന്നു. വഹാബിസവും അതിന്റെ രാസത്യരകങ്ങളും എവിടെയാണുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ലിവിങ്സ്റ്റൻ റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപമാണിത്.

ആഗോളവ്യാപകമായി പ്രവർത്തിക്കുന്ന ചില ഇസ്‌ലാമിക ചിന്താഗതിക്കാർ 20-ാം നൂറ്റാണ്ടിലെ മിക്ക ഭീകരസംഘടനകൾക്കും സാമ്പത്തികസഹായം നല്കുന്നതിൽ വ്യാപൃതരാണ്. ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡ്, ഫാലസ്തീനിലെ ഹമാസ്, അഫ്ഗാൻ മുജാഹിദ്ദിൻ എന്നിങ്ങനെ മിക്ക തീവ്രവാദഗ്രൂപ്പുകൾക്കും ഇവർ ധനസഹായം ചെയ്യുന്നുണ്ട്. ഈ സഹായസഹകരണങ്ങൾക്ക് പക്ഷേ 18-ാം നൂറ്റാണ്ടോളം പഴക്കമുണ്ട്. അക്കാലത്താണ് സൗദിയിലെ വഹാബി പ്രസ്ഥാനത്തെ ബ്രിട്ടീഷുകാർ സൃഷ്ടിക്കുന്നത്. വിഭജിച്ച് ഭരിക്കുക എന്ന സാമ്രാജ്യത്വ അജൻണ്ടതന്നെയാണിതിന്റെ പിറകിൽ. അയ്യൂബ് ഡബ്രി പാഷ 1933-38 കാലങ്ങളിൽ രചിച്ച മിറാത്ത് അൽ ഹറാമിൻ എന്ന പുസ്തകത്തിൽ വഹാബി സംഘടന രൂപീകരിക്കാൻ ഉപയോഗപ്പെടുത്തിയ ഹെംപർ എന്ന ബ്രിട്ടീഷ് ചാരന്റെ വിവരണമുണ്ട്. ഹെംപറുടെ ആത്മകഥ പിന്നീട് പുറത്തുവരികയും വിവിധ ഭാഷകളിൽ പരിഭാഷപ്പെടുത്തുകയും ചെയ്തിരുന്നു. ഈ ആത്മകഥയിൽ തന്റെ ദൗത്യത്തെപറ്റി വളരെ വ്യക്തമായിത്തന്നെ ഹെംപർ വിശദമാക്കുന്നുണ്ട്.

ഒട്ടോമൻ സാമ്രാജ്യത്തെ തകർത്തുകൊണ്ടാണ് തന്റെ ലക്ഷ്യം നേടുന്നതെന്ന് അദ്ദേഹം പറയുന്നു. ഇതിനായി ഇസ്‌ലാമിനകത്ത് തന്നെ പലവിധ പുതിയ ആശയങ്ങളും ബോധപൂർവ്വം പരസ്യപ്പെടുത്തി. ഇതുകൂടാതെ ഇസ്‌ലാമിക വിശ്വാസങ്ങളിലേക്ക് വിരുദ്ധവിശ്വാസങ്ങൾ കടത്തിവിടാനും ശ്രമിച്ചു. എന്നിട്ട് ശരിയായ ഇസ്‌ലാമിനെ ഒരു ഭീകരമതമായി ചിത്രീകരിക്കാനും തുടങ്ങി. ഈ ആവശ്യങ്ങൾക്കായി ഹെംപർ ചെന്നെത്തിയത് അടിമുടി അഴിമതിയിൽ മുങ്ങിയ മുഹമ്മദ് ഇബ്നു അബ്ദുൾ വഹാബ് എന്നയാളുടെ പക്കലാണ്. ഇദ്ദേഹത്തിൽനിന്നാണ് വഹാബിസം ഉണ്ടാകുന്നത്.

തങ്ങളുടെ സാമ്രാജ്യത്വ അജൻഡ നടപ്പിലാക്കുന്നതിനായി ബ്രിട്ടീഷുകാർ പിന്നീട് അറബികളെ തുർക്കികൾക്കെതിരായി ഇളക്കിവിട്ടു. ഇത് യാഥാർത്ഥ്യവല്ക്കരിക്കാനുള്ള ഉപാധിയായി ഇബ്നു അബ്ദുൾ വഹാബ് മാറി. തന്റെ വിശ്വാസപ്രമാണങ്ങൾ അനുസരിക്കാത്തവരെയും മതനിന്ദകരേയും കൊല്ലാൻ ഇസ്‌ലാമികശാസനയാണ് എന്ന തരത്തിൽ ഇദ്ദേഹം കാര്യങ്ങളെത്തിച്ചു. ഈ വഹാബി പ്രസ്ഥാനം സൗദി രാജവംശത്തിന്റെ പിന്തുണയോടെയാണ് നിലനിന്നത്. മറ്റൊരു കാര്യം ഇപ്പോൾ നിഷേധിക്കുന്നുണ്ടെങ്കിലും ഒരു ജൂത പശ്ചാത്തലം സൗദിരാജകുടുംബത്തിനുണ്ട് എന്നതാണ്. അക്കാലത്ത് തന്നെ മദ്ധ്യേഷ്യയിലെ മിക്ക മുസ്‌ലിം പണ്ഡിതന്മാരും വഹാബിസത്തെ തള്ളിക്കളഞ്ഞു. എന്നിട്ടും ഭരണകൂട പിൻബലത്തോടെ മുസ്‌ലിം - അമുസ്‌ലിം ഭേദമില്ലാതെ മനുഷ്യക്കുരുതി നടത്തുന്നതിൽ വഹാബി പ്രസ്ഥാനം മടി കാണിച്ചില്ല. ഇതേതുടർന്ന് പരിഷ്കാരങ്ങളെന്ന പേരിൽ പരിശുദ്ധ ദേവാലയങ്ങളും, നബി(സ)യുടേതായ അമൂല്യ സൂക്ഷിപ്പുകളും ഇവർ കൈക്കലാക്കി. പല വിശുദ്ധഗ്രന്ഥങ്ങളുടേയും പുറംചട്ടകൾ വഹാബി അക്രമകാരികൾ അവരുടെ ആടയാഭരണങ്ങളാക്കിമാറ്റി. എങ്കിലും ഒട്ടോമൻ സുൽത്താൻ 1818-ൽ ഒന്നാമത്തെ വഹാബി കലാപത്തെ അടിച്ചമർത്തി. പിന്നീട് വഹാബികൾ സൗദിയിലെ ഫൈസൽ ഒന്നാമന്റെ കാലത്ത് വീണ്ടും ശക്തിപ്രാപിച്ചു.

ഒന്നാം ലോക മഹായുദ്ധം കഴിഞ്ഞതോടെ തുർക്കിയിലെ ഒട്ടോമൻ സാമ്രാജ്യം ഛിന്നഭിന്നമായിത്തീർന്നു. ഈ തകർച്ചക്കുവേണ്ടി പ്രയത്നിച്ച ആൾ എന്ന നിലയിൽ ഇബ്നു സഊദിന് പാരിതോഷികമായി സൗദിരാജ്യം 1932-ൽ ബ്രിട്ടീഷുകാർ ഉണ്ടാക്കിക്കൊടുത്തു. തിരിച്ച് സൗദ് നന്ദി പ്രകാശിപ്പിച്ചത് വിവിധ പാശ്ചാത്യകമ്പനികൾക്ക് എണ്ണയുല്പാദനത്തിനുള്ള വലിയ കരാറുകൾ നല്കിക്കൊണ്ടായിരുന്നു.

പിന്നീടങ്ങോട്ട് സൗദി അറേബ്യ പാശ്ചാത്യരുടെ ഒരു വലിയ സഖ്യശക്തിയാണ്. എണ്ണനിക്ഷേപത്തിലേക്കുള്ള പാശ്ചാത്യരുടെ പ്രവേശനം മാത്രമല്ല ഇസ്റായിലിനെതിരെ അറബ് വികാരം വിജ്രംഭിപ്പിച്ച് നിർത്താനും സൗദി ശ്രമിക്കുന്നു. കടുത്ത പൈശാചികമായ സൗദിയിലെ ഭരണരീതികൾ വിമർശനം പാടെ നിരസിക്കുന്നു. രാഷ്ട്രീയം സംസാരിക്കുന്നതിൽനിന്ന് തന്നെ ഇക്കൂട്ടർ നാട്ടുകാരെ വിലക്കിയിട്ടുണ്ട്. സ്റ്റീഫൻ ഷോവാർട്സ് പറഞ്ഞതുപോലെ വാഹനങ്ങൾ, വിമാനങ്ങൾ, യാനപാത്രങ്ങൾ, ലൈംഗികത തുടങ്ങിയ വിലക്കപ്പെട്ട എല്ലാ കാര്യങ്ങളിലും പക്ഷേ ഭരണാധിപന്മാർ ഹരം കൊള്ളുന്നു. ഭരണത്തിലൂടെ ലഭിക്കുന്ന വമ്പിച്ച ആസ്തിയുപയോഗിച്ച് സൗദി ഭരണകൂടം ലോകത്തെമ്പാടും വലിയ, തെറ്റിദ്ധരിപ്പിക്കപ്പെട്ട ഇസ്‌ലാമിനെ കടത്തിവിടുന്നു. സൗദിരാജകുടുംബം ഇസ്‌ലാമിനെ കടുത്തരീതിയിൽ വഞ്ചിക്കുകയാണ്. കുമിഞ്ഞുകൂടുന്ന പെട്രോ ഡോളർ ലോകത്താകമാനം ഭീകരവാദത്തെ വളർത്തി ഇസ്‌ലാമിനെ അപമതിക്കാനുള്ള ശ്രമത്തിനായി ഉപയോഗിക്കുന്നു. ചുരുക്കത്തിൽ ഇസ്‌ലാമിനെതിരായ വികാരങ്ങളെ ഉണർത്തിവിടുന്നതിൽ വലിയ പങ്കാണ് സൗദിരാജകുടുംബം വഹിക്കുന്നത്.

# ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാക്കാ ഇജ്തിമാഅ് ആഗസ്റ്റ്, 19, 20-ന്

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാക്കാ ഇജ്തിമാഅ് ആഗസ്റ്റ് 19,20 തിയ്യതികളിൽ പ്രകൃതിരമണീയമായ വയനാടിലെ ലക്കിടിയിൽ വെച്ച് നടക്കും. ഇജ്തിമ 19-ന് രാവിലെ 9.20-ന് ആരംഭിക്കും. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സദർ ജനാബ് ശുഐബ് അഹ്മദ് സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്യും. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആന്ധ്രാപ്രദേശ് സുബായ് അമീർ ജനാബ് സുഹൈൽ അഹ്മദ് സാഹിബ് മുഖ്യാതിഥിയായി പങ്കെടുക്കുന്നതാണ്. തുടർന്ന് 'റസൂൽ(സ) സ്നേഹത്തിന്റെ പ്രവാചകൻ' എന്ന വിഷയത്തെക്കുറിച്ച് ജനാബ് മൗലവി മുഹമ്മദ് ഉമർ എച്ച്. എ. പ്രഭാഷണം നടത്തും. സലീം സാഹിബ് കൊടുങ്ങല്ലൂർ (സമർപ്പണം ദൈവമാർഗ്ഗത്തിൽ), മൗലവി ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ് (ആത്മീയയാത്ര) എന്നിവരുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഖാദിമീങ്ങൾക്കുള്ള വിവിധ വൈജ്ഞാനിക മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഇജ്തിമായിൽ മുഴുവൻ ഖാദിമീങ്ങളും പങ്കെടുക്കണമെന്ന് നോർത്ത് ഇലാക്കാ ഖാഇദ് അഭ്യർത്ഥിച്ചു.

# പെൺകുട്ടികൾക്ക് ദീനീ ബോധം നൽകേണ്ടത് മാതാക്കളുടെ കടമ

അഹ്മദി കുടുംബത്തിൽ സൃഷ്ടിക്കുകയോ അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം നല്കു കയോ ചെയ്തു കൊണ്ട് അല്ലാഹു ചെയ്ത ഉപകാരത്തിന് അഹ്മദി മുസ്‌ലിമായ ഒരു സ്ത്രീ അവനോട് എത്ര നന്ദി കാണിച്ചാലും അതു കുറവായിരിക്കും. അതിൽനിന്നാണ് ഇക്കാലഘട്ടത്തിന്റെ ഇമാം ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേന വെളിപ്പെട്ട ഇസ്‌ലാമിന്റെ യഥാർത്ഥവും മനോഹരവുമായ പാഠത്തെക്കുറിച്ച് നിങ്ങൾക്ക് അറിവ് ലഭിച്ചത്. അറിവ് ലഭിച്ചുവെന്നു മാത്രമല്ല, ഖുർആനികാദ്ധ്യാപനമനുസരിച്ച്, സ്ത്രീകൾക്കുള്ള അവകാശം അവർക്ക് കൊടുക്കാനും അവരെ ബഹുമാനിക്കാനും അവരോട് മാർദ്ദവത്തോടും സന്തോഷത്തോടും സ്നേഹത്തോടും കൂടി പെരുമാറാനും, തന്നെ വിശ്വസിക്കുന്നവരെ അവിടന്ന് ഉപദേശിക്കുകയും ചെയ്തു.

ജീവിതത്തിന്റെ വഴികൾ ഇതാണെന്നും, ജീവിതോദ്ദേശ്യമിതാണെന്നും നിങ്ങൾ മനസ്സിലാക്കിയിരിക്കുന്ന, ഈ ഭൗതികവസ്തുക്കളെല്ലാം ഒരുനാൾ തീർന്നുപോകുന്നതാണ്. ഞാനോതിയ വചനങ്ങളിൽ അല്ലാഹു പറയുന്നത് ഇതുതന്നെയാണ്. അതായത് നിങ്ങളുടെ പക്കലുള്ളതെല്ലാം അവസാനിച്ചുപോകുമെന്ന്. അല്ലാഹു പറഞ്ഞു: ***മാ ഇൻദക്കും യൻഫദു വമാ ഇൻദല്ലാഹി ബാഖ്*** നിങ്ങളുടെ പക്കലുള്ളതെല്ലാം തീർന്നുപോകുന്നതാണ്. അല്ലാഹുവിന്റെ പക്കലുള്ളത് ശേഷിച്ചുനില്ക്കുന്നതുമാണ്. ***വല നജ്സിയന്നല്ലദീന സബറൂ അജ്റഹും ബിഅഹ്സനി മാ കാനൂ യഅ്മലൂൻ*** സ്ഥിരചിത്തത കൈക്കൊള്ളുന്നവർക്ക് നാം അവർ ചെയ്തുകൊണ്ടിരിക്കുന്നതിൽ ഏറ്റവും നല്ലതനുസരിച്ച് അവരുടെ പ്രതിഫലം നല്കുകതന്നെ ചെയ്യും. പിന്നീട് പറഞ്ഞു: പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസിയായുംകൊണ്ട് സൽപ്രവൃത്തി ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ല നിലയ്ക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചുകൊണ്ടിരിന്നതിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നല്കുന്നതുമാണ്.

അതിനാൽ അല്ലാഹുവിനോടുള്ള ഭയം സ്വായത്തമാക്കിക്കൊണ്ട് നന്മ നിറഞ്ഞതും സാത്വികപരവുമായിട്ടുള്ള കർമ്മങ്ങൾ ചെയ്യുക. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ***വലനജ്സിയന്നഹും അജ്റഹും ബിഅഹ്സനി മാ കാനൂ യഅ്മലൂൻ*** (അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നല്കുന്നതാണ്) എന്ന് അവൻ പറഞ്ഞതിന് നിങ്ങൾ പ്രതീകമായിത്തീരുക.

ഇന്നും ശയ്ത്വാൻ വിവിധരൂപത്തിൽ നിങ്ങളെ കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭൗതികമായ ആനന്ദങ്ങളിലൂടേയും സൗകര്യങ്ങളിലൂടേയും സുഖാഡംബരങ്ങളിലേക്ക് നിങ്ങളെ ചായ്ക്കാൻ ശ്രമിക്കുന്നു. ഭൗതികമായ സുഖഭോഗങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നിങ്ങളെ പറ്റിക്കുന്നു. ഈ കോഴ്സിനു ചേർന്ന് പഠിക്കുകയെന്നും, ഇത് തീർച്ചയായും ഗുണം ചെയ്യുമെന്നും പറഞ്ഞ് ചിലപ്പോൾ അവരെ പ്രേരിപ്പിക്കുന്നു. ജീവിതാവസ്ഥയിലെ പാളിച്ചകൾ എടുത്തുപറഞ്ഞുകൊണ്ട് തെറ്റായ ജോലി ചെയ്യാൻ ചിലപ്പോൾ ഉത്സാഹിപ്പിക്കുന്നു. ഈ ജോലികൾ കാരണത്താൽ ചില സ്ത്രീകൾ തങ്ങളുടെ ഭർത്താവിനോടും മക്കളോടുമുള്ള കടമകൾ അവഗണിച്ചു കളയുന്നു.

**(യു.കെ. ജൽസയിൽ ഖലീഫത്തുൽ മസീഹ് ഖാമിസ് നടത്തിയ വനിതകൾക്കുള്ള പ്രഭാഷണത്തിൽ നിന്ന്)**

Published by Dr. Salahudheen, North Illaqa Quaid for Majlis Khuddamul Ahmadiya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.